# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി -പി4-1045/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 31/12/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി -പി4-1045/2021 തീയ്യതി: 31/12/2021

## വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി.പി.കെ | ഡെപ്യൂട്ടിഡയറക്ടർ (ഹ.ഗ്രേ) | 08-11-2021 | 27-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-11-2021 | 27-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. പ്രശാന്ത്. സി.വി - ഓഡിറ്റ് ഓഫീസർ
2. ശ്രീ. ഷാജി. പി - അസി. ഓഡിറ്റ് ഓഫീസർ
3. ശ്രീമതി. ഇന്ദു.കെ.നായർ - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ. അനിൽ ജോസ് ഡൊമിനിക് - ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.എ. കുര്യാക്കോസ് | പ്രസിഡന്റ് | 01-04-2020 | 21-12-2020 |
| ശ്രീമതി. അംബികാഷാജി | പ്രസിഡന്റ് | 22-12-2020 | 31-03-2021 |
| ശ്രീ. ബോബൻ ചാക്കോ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുഹമ്മദ് ഷെഫീഖ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ടി.ജി.ശിവദാസൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ഷഹസാദ്.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ശാന്തിനി.ടി | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീ. ജോസ് ബാബു | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 03-01-2021 |
| ശ്രീ. ഷിജു. എ.എ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 04-01-2021 | 31-03-2021 |
| ശ്രീ. ഹരീഷ്.എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സുജാത.പി.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. മുരളീധരൻ. എൻ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ. സലിം | അസി.സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ. സണ്ണി | അസി.സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീ. വിവേക് വേണു ഗോപാൽ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-1 |
| 2 | ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നില്ല.<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-1-1 |
| 3 | ബജറ്റിൽ വകയിരുത്താത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു.<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-10 |
| 13 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: P.Shaji (Asst. Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-11 |
| 14 | സഞ്ചയസോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതി നിർണയിച്ചതിൽ അപാകതകൾ<br>Written By: Anil Jose Dominic (Auditor, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-12 |
| 15 | ഹോം സ്റ്റേ ആയി പ്രവർത്തനനുമതി നൽകിയ സ്ഥാപനത്തിന്റെ നികുതി പരിഷ്കരിക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Anil Jose Dominic (Auditor, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-13 |
| 16 | വെറ്ററിനറി സർജൻ രസീത് ബുക്ക് മുഖേന ഗുണഭോക്തൃ വിഹിതം സ്വീകരിച്ചതിലെ പൊതുവായ അപാകതകൾ<br>Written By: Anil Jose Dominic (Auditor, On 07-12-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Unni P.K (Deputy Director, On 31-12-2021) | |
| 17 | തൊഴിൽ നികുതി-പൊതുവായ അപാകതകൾ<br>Written By: Anil Jose Dominic (Auditor, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-15 |
| 18 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് വേണ്ടി പ്രൊജക്ടിൽ പണം വകയിരുത്തി വാങ്ങിയ മരുന്ന് ഡിസ്പെൻസറിക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: Anil Jose Dominic (Auditor, On 07-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-16 |
| 19 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സാധന സാമഗ്രികൾ സ്റ്റോക്കിൽ രേഖപ്പെടുത്തുന്നത് ക്രമപ്രകാരമല്ല.<br>Written By: P.Shaji (Asst. Audit Officer, On 12-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-17 |
| 20 | പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ - പഞ്ചായത്തിന് അധിക ചെലവ്<br>Written By: Anil Jose Dominic (Auditor, On 08-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-18 |
| 21 | പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കാതെ കമ്പ്യൂട്ടർ , ഫർണ്ണീച്ചറുകൾ വാങ്ങി<br>Written By: Indu K Nair (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-19 |
| 22 | സ്നേഹയാനം - ഓട്ടോറിക്ഷാ സർവ്വീസ് അധിക തുക നൽകി<br>Written By: Indu K Nair (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-20 |
| 23 | വിനിയോഗ വിവരം / കൈപ്പറ്റ് രസീതി ഹാജരാക്കിയില്ല.<br>Written By: Indu K Nair (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-21 |
| 24 | ലൈഫ് ഭവന പദ്ധതി ഫേസ് II - ഭവനനിർമ്മാണം പൂർത്തിയായില്ല<br>Written By: Indu K Nair (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-22 |
| 25 | ക്ഷീര കർഷകർക്ക് റബർ മാറ്റ് വിതരണം.<br>Written By: Indu K Nair (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-23 |
| 26 | തെരുവ് നായ നിയന്ത്രണം, പേ വിഷബാധ നിയന്ത്രണം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Indu K Nair (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-24 |
| 27 | പദ്ധതി പൂർത്തിയായിട്ടും പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം വിതരണം നടത്തിയ സ്ഥാപനത്തിന് നൽകിയില്ല<br>Written By: Indu K Nair (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-25 |
| 28 | ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് - ഫയൽ ഹാജരാക്കിയില്ല.<br>Written By: Indu K Nair (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-26 |
| 29 | സുഭിക്ഷ കേരളം - വനിതകൾക്ക് കോഴിക്കുഞ്ഞ് വിതരണം - (എസ്.ടി )-വിതരണ രേഖകൾ ഹാജരാക്കിയില്ല<br>Written By: Indu K Nair (Senior Grade Auditor, On 04-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-27 |
| 30 | ഹരിത കർമ്മ സേന കാര്യക്ഷമമല്ല<br>Written By: Prasanth C V (Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-28 |
| 31 | കോർപ്പസ് ഫണ്ട് തിരികെ ലഭിച്ചതായി രേഖയില്ല<br>Written By: Prasanth C V (Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 1-29 |

| | | |
|---|---|---|
| 32 | കേസിനായി തുക നല്കിയത്-സ്യൂട്ട് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് കാലികമാക്കിയില്ല<br>Written By: Prasanth C V (Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-30 |
| 33 | പ്രളയത്തിൽ പുഴയിൽ അടിഞ്ഞ മണൽ നീക്കം ചെയ്യുവാനുള്ള പഞ്ചായത്ത് തീരുമാനത്തിന്റെ ഫലപ്രാപ്തി അറിയിക്കേണ്ടതാണ്<br>Written By: Prasanth C V (Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-31 |
| 34 | ഐ.കെ.എം മിന് തുക നല്കിയത്- വിനിയോഗവിവരം ലഭിച്ചില്ല<br>Written By: Prasanth C V (Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-32 |
| 35 | സാനിട്ടറി നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ-ചട്ടങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി<br>Written By: Prasanth C V (Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-33 |
| 36 | ജലനിധി തുക നല്കുന്നത്-ഫലപ്രാപ്തി വിലയിരുത്തുന്നില്ല<br>Written By: Prasanth C V (Audit Officer, On 03-12-2021)<br>Last Updated By: Prasanth C V (Audit Officer, On 29-12-2021) | 1-34 |
| 37 | എസ്.എസ്.എ വിഹിതം നല്കിയത്.വിനിയോഗവിവരം ലഭ്യമായില്ല<br>Written By: Prasanth C V (Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-35 |
| 38 | സാക്ഷരത തുല്യത- ഉപോൽബലക രേഖകളില്ല<br>Written By: Prasanth C V (Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-36 |
| | ഭാഗം **2** | |
| 1 | ഹോം സ്റ്റേ ആയി പ്രവർത്തനാനുമതി നൽകിയ സ്ഥാപനത്തിന്റെ നികുതി പരിഷ്കരിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം<br>Written By: Prasanth C V (Audit Officer, On 29-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 2-1 |
| | ഭാഗം **3** | |
| 1 | സാനിട്ടറി നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ-ചട്ടങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി<br>Written By: Prasanth C V (Audit Officer, On 03-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 3-1 |
| 2 | പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ മൂലം പഞ്ചായത്തിന് 28455 രൂപ അധിക ചെലവ്.<br>Written By: Anil Jose Dominic (Auditor, On 08-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P.Shaji (Asst. Audit Officer, On 12-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.Shaji (Asst. Audit Officer, On 12-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.Shaji (Asst. Audit Officer, On 12-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.Shaji (Asst. Audit Officer, On 12-12-2021) | 4-4 |

| | | |
|---|---|---|
| | Last Updated By: Unni P.K (Deputy Director, On 14-12-2021) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.Shaji (Asst. Audit Officer, On 12-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Prasanth C V (Audit Officer, On 12-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.Shaji (Asst. Audit Officer, On 12-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.Shaji (Asst. Audit Officer, On 12-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.Shaji (Asst. Audit Officer, On 12-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.Shaji (Asst. Audit Officer, On 12-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.Shaji (Asst. Audit Officer, On 12-12-2021)<br>Last Updated By: Unni P.K (Deputy Director, On 31-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

06.03.2020 തീയതിയിലെ 2/2020തീരുമാനം പ്രകാരം അംഗീകരിച്ചു.

മുന്നിരിപ്പ് – 72,34,928

വരവ് – 27,42,14,500

ആകെ – 28,14,49,428

ചെലവ് – 27,24,24,200

നീക്കിയിരിപ്പ് – 90,25,298

### 1-1-1 ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 പ്രകാരം ബജറ്റ് തയ്യാറാക്കുന്നതിന് അടുത്ത വർഷത്തേയ്ക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനുവരി 15 ാം തിയ്യതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറി, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

### 1-1-2 ബജറ്റിൽ വകയിരുത്താത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 (6) പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവാക്കുവാൻ പാടില്ലാത്തതാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടുത്താത്ത ചിലയിനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. ഉദാ- Vehicle Hire Charges, Animal Husbandry- Cow.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 30.06.2020 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 2,73,55,161 |
| വരവ് | 10,92,69,104 |
| ആകെ | 13,66,24,265 |
| ചെലവ് | 11,92,94,070 |
| നീക്കിയിരിപ്പ് | 1,73,30,195 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,98,32,278 | 1,98,32,278 | 1,98,18,505 | 13,773 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10,49,862 | 10,49,862 | 2,75,100 | 7,74,762 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 1,22,54,230 | 1,22,54,230 | 1,07,60,338 | 14,93,892 |
| സംരക്ഷണ ഗ്രാന്റ്( റോഡ്) | 0 | 1,58,43,000 | 1,58,43,000 | 1,58,43,000 | 0 |
| സംരക്ഷണ ഗ്രാന്റ്( റോഡിതരം) | 0 | 60,87,525 | 60,87,525 | 59,05,441 | 1,82,084 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,92,34,950 | 1,92,34,950 | 1,28,76,277 | 63,58,673 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പെർഫോർമൻസ് ഗ്രാന്റ്) | 0 | 86,70,000 | 86,70,000 | 23,11,327 | 63,58,673 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,90,16,219 | 1,07,44,000 | 2,97,60,219 | 2,85,50,219 | 12,10,000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 308 | 17,83,15,507 | 248 | 8,59,99,302 | 0 | 60 | 80.5% |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള കണക്ക്

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 22,29,180 | 17,39,889 | 78% |
| വെറ്ററിനറി സർജൻ | 14 | 13 | 92,25,154 | 40,70,573 | 44% |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 12 | 11 | 38,63,289 | 28,69,901 | 74% |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | 2 | 2 | 10,00,000 | 9,96,055 | 99% |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 13,48,000 | 6,89,196 | 51% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 11 | 3,85,77,500 | 88,56,948 | 23% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 10 | 1,10,74,460 | 85,54,350 | 77% |
| സെക്രട്ടറി | 36 | 26 | 1,92,41,303 | 1,34,95,592 | 70% |
| ഹെഡ് മാസ്റ്റർ | 13 | 13 | 46,25,000 | 39,24,047 | 85% |
| അസി.എഞ്ചിനീയർ | 183 | 147 | 5,48,32,691 | 3,78,47,552 | 69% |
| അസി. സെക്രട്ടറി | 7 | 5 | 3,22,98,930 | 29,55,199 | 9% |
| ആകെ | 308 | 248 | 17,83,15,507 | 8,59,99,302 | 48.2% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 33,330 | 19,22,870 | 19,56,200 | 19,15,458 | 40,742 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 8,17,51,881 | 8,17,51,881 | 8,17,51,881 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 85,33,900 | 698 |
| വിധവാപെൻഷൻ | 1,52,70,200 | 1950 |
| വാർദ്ധക്യകാലപെൻഷൻ | 1,69,69,600 | 1484 |
| വികലാംഗപെൻഷൻ | 43,64,300 | 349 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90,000 | 3 |
| 50വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,41,100 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2021 3.15 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹1,392/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് വർഷത്തിൽ നികുതി, നികുതിയേതര വരുമാനം ഇനത്തിൽ ലഭിച്ച 68,22,884 രൂപയിൽ അനിവാര്യ ചെലവുകൾക്ക് 55,79,870 രൂപ വിനിയോഗിച്ചിട്ടുണ്ട്. ബാക്കി 12,43,014 രൂപ. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നിന്നും 14,02,080പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുണ്ട്. തനത് വരുമാനം കുറഞ്ഞ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് തുക വിനിയോഗിക്കുന്നത് സംബന്ധിച്ച വിശദമായ ചർച്ചകൾ ഭരണസമിതിയിൽ ഉണ്ടാവേണ്ടതുണ്ട്.

2. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ടെങ്കിലും പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല. ഓഫീസ് ഓർഡർ മുഖേന സെക്ഷനുകളുടെ ചുമതലകൾ ജീവനക്കാരെ ഏൽപ്പിച്ചിട്ടുണ്ടങ്കിലും ഒരോ സെക്ഷനും നിർവഹിക്കേണ്ട ജോലികൾ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല. സെക്ഷനുകൾക്ക് അമിത ജോലിഭാരം ഏൽപ്പിക്കപ്പെടുന്നില്ല എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുണ്ട്.

3. കോവിഡ് പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി ചേർന്ന് ശ്ലാഘനീയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്.

4. മരാമത്ത് പ്രവൃത്തികളുടെ എണ്ണത്തിലുപരി ആസ്തികളുടെ ഫലപ്രാപ്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിന്റെ വരവുകൾ സംബന്ധിച്ച് പ്രതിമാസ വിശകലനം നടത്തുന്നില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.05.2020 | 2019-20 | 30.05.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.09.2009- 26.09.2009 | 2004-05 മുതൽ 2008-09 വരെ | 26.10.2009 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൻ പ്രകാരമുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ്റ്റേറ്റ് ലെവീസ് എന്ന ഇനത്തിൽ ലൈബ്രറി സെസ്സ് തുക നീക്കിയിരിപ്പായി ചേർത്തിരിക്കുന്ന തുക 5,711 രൂപ. യഥാർത്ഥ തുക 5,521 രൂപ.
2. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. ഉദാ- റേഷ്യോസ്.
3. നിക്ഷേപം നടത്തുന്നതോ പിൻവലിക്കുന്നതോ ആയ രേഖപ്പെടുത്തലുകൾ വരുത്തുന്ന ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിക്ഷേപം നടത്തിയതിന്റെയും പിൻവലിച്ചതിന്റെയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. ബാങ്ക് റീകൺസിലീയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. ഉദാ- ജില്ലാ സഹകരണ ബാങ്ക്-ലോൺ അക്കൗണ്ട് ( നീക്കിയിരിപ്പ് - 41,341/-).
6. നല്കി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല. ഉദാ- ചെക്ക് നം. 4398353/ 17.09.2019 – 21,000/-
7. എസ്. ബി. ഐ അക്കൗണ്ട് നം. 12493 (ഇ-പേയ്മെന്റ്) 2021 ഫെബ്രുവരി മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം ബാങ്കിലെ നീക്കിയിരിപ്പ് തുക 5,62,868 രൂപ. ബാങ്ക് പത്രിക പ്രകാരം നീക്കിയിരിപ്പ് തുക 5,88,877 രൂപ. വ്യത്യാസം 26,009 രൂപ.
8. എസ്. ബി. ഐ അക്കൗണ്ട് നം. 12493 (ഇ-പേയ്മെന്റ്) 2021 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രികയിൽ Cheques Deposited But Not Collected എന്ന ശീർഷകത്തിൽ 39,715/- രൂപ കുറവ് രേഖപ്പെടുത്തി. ഇ- പേയ്മെന്റ് അക്കൗണ്ടിൽ ചെക്ക് ഡെപ്പോസിറ്റ് വന്നത് വിശദീകരിച്ചിട്ടില്ല.

9. സ്ഥിരാസ്ഥികൾ, സ്ഥിരനിക്ഷേപങ്ങൾ എന്നിവ അർദ്ധവർഷത്തിൽ ഭൗതിക പരിശോധന നടത്തുന്നില്ല .

10. വായ്പ തിരിച്ചടവ് ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

11. മുൻകൂർ നല്കിയ തുക സമയബന്ധിതമായി ക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. ( യാത്രാബത്ത 17,500/- നൽകിയത് ക്രമീകരിച്ചിട്ടില്ല)

12. സ്റ്റോക്ക്,സ്റ്റോഴ്സ് എന്നിവയുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

13. സെൽഫ് ചെക്ക് മുഖേനയുള്ള പിൻവലിക്കൽ കാഷ്ബുക്കിൽ വരവ് ഭാഗത്ത് രേഖപ്പെടുത്തിയില്ല. (ഉദാ- ചെക്ക് നം-90377/04.04.20 – 23,552/-, 90421/08.05.20- 45,747/-, 90457/15.06.20- 26,862/-)

14. വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകളിലെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | വാർഷിക കണക്ക് | രജിസ്റ്റർ |
|---|---|---|---|
| 1 | തൊഴിൽ നികുതി- എംപ്ലോയീസ് | 9,57,350 | 10,02,350 |
| 2 | ഡി ആന്റ് ഒ ലൈസൻസ് - അഡ്വാൻസ് കളക്ഷൻ | 2,16,710 | 1,54,800 |

15. കെട്ടിട വാടക തൻവർഷ കുടിശ്ശിക വാർഷിക കണക്ക് പ്രകാരം 15,395/- രൂപ.

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

16. വിവിധ ഗ്രാന്റുകളുടെ എ.സി.ആർ ലെ ചെലവ് തുകകളും വാർഷിക കണക്കിലെ ചെലവ്

തുകകളും വ്യത്യാസപ്പെടുന്നു.

| ക്രമ നം | ഗ്രാന്റ് | എ.സി.ആർ | വാർഷിക കണക്ക് |
|---|---|---|---|
| 1 | വികസന ഫണ്ട്- ജനറൽ | 1,84,62,945 | 1,98,18,505 |
| 2 | വികസന ഫണ്ട്- എസ്.സി.പി | 2,75,100 | 2,75,100 |
| 3 | വികസന ഫണ്ട്- ടി.എസ്.പി | 1,05,59,884 | 1,07,60,338 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,25,41,980 | 1,60,27,999 |
| 5 | മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 58,54,238 | 59,05,441 |

17. ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാതെ ചെലവ് ചെയ്തു. ഉദാ- Vehicle Hire Charges, Animal Husbandry- Cow.

18. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കണക്കുകൾ വാർഷിക കണക്കിലെ വരവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-12 സഞ്ചയസോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതി നിർണയിച്ചതിൽ അപാകതകൾ

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ സഞ്ചയസോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതി നിർണയം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

1)വാസഗൃഹങ്ങളെ നികുതി ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ എന്ന ഗണത്തിൽപെടുത്തി നികുതി ഒഴിവാക്കി നൽകുന്നു.

സഞ്ചയസോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതി നിർണയം പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി ,ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതിയിളവ് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു

| കെട്ടിട നമ്പർ | കെട്ടിട ഉടമ | കെട്ടിട വിസ്തീർണം |
|---|---|---|
| 6/181 | ബാബുമോൻ,രമ്യ ഇല്ലിക്കൽ | 97 ച.മീ |
| 7/200 | ജോസ് എ.പി<br>അപ്പോഴിപ്പറമ്പിൽ | 77 ച.മീ |
| 10/253 | ചാക്കോ പി.എ<br>പടനിലത്ത് | 81 ച.മീ |

മേൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ 10/11/2021ാം തീയ്യതിയിലെ 1/2019-20 നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ച് സഞ്ചയസോഫ്റ്റ്‌വെയറിൽ ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും നികുതിയിളവ് നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

2) വിമുക്ത ഭടൻമാരുടെ വാസഗൃഹങ്ങൾക്ക് നികുതിയിളവ് നൽകുന്നതിലെ അപാകതകൾ

സഞ്ചയ സോഫ്റ്റ്‌വെയറിൽ വിമുക്തഭടൻമാരുടെ/വിമുക്തഭടൻമാരുടെ ഭാര്യമാരുടെ വാസഗൃഹം എന്ന ഗണത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുള്ള കെട്ടിട ഉടമകൾക്ക് 2013 മുതൽ തുടർച്ചയായി നികുതി ഇളവ് നൽകുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ.ഉ. (കൈ) നം 106/17 ത.സ്വ.ഭ.വ ഉത്തരവ് (തീയ്യതി 26-05-2017) പ്രകാരം മാർച്ച് 31 നുള്ളിൽ അപേക്ഷ നൽകുന്ന വിമുക്ത ഭടൻമാർക്ക് മാത്രമേ അടുത്ത സാമ്പത്തിക വർഷം നികുതിയിളവിന് അർഹതയുള്ളൂ. തുടർന്നുള്ള ഓരോ വർഷവും കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിക്കേണ്ടതും, വസ്തു നികുതിയിളവ് നൽകുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമുണ്ടെന്ന് സ.ഉ. (എം.എസ്സ്) നം 242/2013 ത.സ്വ.ഭ.വ ഉത്തരവ് (തീയ്യതി 02-07-2013) പ്രകാരവും നിർദ്ദേശമുള്ളതാണ്.

തുടർച്ചയായി നികുതിയിളവ് നൽകുന്നതിനാൽ വിമുക്ത ഭടൻമാരുടെ/വിമുക്തഭടൻമാരുടെ ഭാര്യമാരുടെ വാസഗൃഹങ്ങളുടെ വസ്തു നികുതി എല്ലാവർഷവും വസ്തുനികുതി ഡിമാന്റില് നിന്ന് ഒഴിവാകുന്ന സ്ഥിതിയാണ്. സർക്കാർ നിർദ്ദേശം പാലിക്കാതെ തുടർച്ചയായി നികുതിയിളവ് നൽകുന്നതിനും, നികുതിയിളവ് നൽകുന്ന വിമുക്ത ഭടൻമാരുടെ വിവരം വ്യക്തമാക്കുന്ന രജിസ്റ്റർ സൂക്ഷിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 11/11/2021ാം തീയ്യതിയിലെ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ഈ വർഷം മുതൽ മുൻകൂർ അപക്ഷ നൽകാത്തവരുടെ വസ്തു നികുതി ഈടാക്കുന്നതാണെന്നും ഇത് സംമ്പന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഹോം സ്റ്റേ ആയി പ്രവർത്തനനുമതി നൽകിയ സ്ഥാപനത്തിന്റെ നികുതി പരിഷ്കരിക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം

കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി നികുതി പരിഷ്കരിക്കാതെ ഹോം സ്റ്റേ നടത്തുന്നതിനായി ലൈസൻസ് അനുവദിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്,വിശദ വിവരങ്ങൾക്ക് ഖണ്ഡിക 2-1 കാണുക

## 1-14 വെറ്ററിനറി സർജൻ രസീത് ബുക്ക് മുഖേന ഗുണഭോക്തൃ വിഹിതം സ്വീകരിച്ചതിലെ പൊതുവായ അപാകതകൾ

തൊണ്ടർനാട് ഗ്രാമപഞ്ചയാത്തിൽ നിന്ന് വെറ്ററിനറി സർജന് ഗുണഭോക്ത വിഹിതം പിരിച്ചെടുക്കുന്നതിനായി രസീത് ബുക്കുകൾ നൽകിയിരുന്നു.മേൽ രസീത് ബുക്കുകളും കളക്ഷൻ രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

1) രസീത് ബുക്ക് നമ്പർ മുഖേന പിരിച്ച തുക പഞ്ചായത്തിൽ അടവ് വരുത്തിയിട്ടില്ല

രസീത് ബുക്ക് നമ്പർ 40534 ലെ താഴെ പറയുന്ന രസീതുകളിൽ ഉപയോഗിച്ച് പിരിച്ച തുക പഞ്ചായത്തിൽ അടവ് വരുത്തിയിട്ടില്ല

| സി.നം | രസീത് നമ്പർ | ഗുണഭോക്ത വിഹിതം അടച്ച വ്യക്തിയുടെ പേര് | തീയ്യതി | തുക |
|---|---|---|---|---|
| 1 | 95/40534 | ത്രേസ്യ പൈക്കാട്ട് | 20/03/2021 | 600 |
| 2 | 96/40534 | രമ വി.എം | 20/03/2021 | 600 |
| ആകെ | | | | 1200 |

മേൽ വിവരം വ്യക്തമാക്കി നൽകിയ 6/2020-21 നമ്പർ ഓഡറ്റ് എൻക്വയറിയ്ക്ക് മേൽ തുക 1210100638/29/11/2021ാം നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും ലഡ്ജർ ബുക്കിൽ ചേർത്ത സീരിയൽ നമ്പർ തെറ്റായതിനാലാണ് തുക പഞ്ചായത്തിൽ അടവാക്കാൻ സാധിക്കാതിരുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. മേൽ അപാകത ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2) രസീത് ബുക്ക് മുഖേന സ്വീകരിച്ച തുക പഞ്ചായത്തിൽ കൃത്യസമയത്ത് അടവ് വരുത്തിയിട്ടില്ല

19/40534 മുതൽ 32/40534 നമ്പർ രസീതുകൾ മുഖേന 08/08/2020 തീയ്യതി പിരിച്ച 42500 രൂപയും 33/40534 മുതൽ 35/40534 വരേയുള്ള രസീതികൾ മുഖേന 09/08/2020 തീയ്യതി പിരിച്ച 12500രൂപയും (ആകെ 55000 രൂപ ) 26/08/2020 ാം തീയ്യതിയാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.മേൽ തുക 17 ദിവസത്തോളം അടവാക്കാതെ കൈവശം സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-15 തൊഴിൽ നികുതി-പൊതുവായ അപാകതകൾ

A) 2020-21 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് സംമ്പാദിച്ച താഴെ പറയുന്ന 54 സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി 2020-21 ഡിമാൻറ് രജിസ്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| സി.നം | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര്, വിലാസം | കെട്ടിട നമ്പർ | കച്ചവടത്തിന്റെ സ്വഭാവം |
|---|---|---|---|---|
| 1 | 7 | അബ്ദുള്ള<br>മുക്രി വീട്<br>നിരവിൽപ്പുഴ പി.ഓ | 15/107എ | ചായക്കച്ചവടം |
| 2 | 12 | പി.കെ രാജൻ<br>പോത്തനമല<br>മട്ടിലയം പി.ഓ | 15/46 | സ്റ്റേഷനറി,പലചരക്ക് വ്യാപാരം |
| 3 | 20 | ആഹമ്മദ്<br>എണ്ണകുടിയൻ<br>തൊണ്ടർനാട് പി.ഓ<br>കോറോം. | 12/463 | പലചരക്ക് വ്യാപാരം |
| 4 | 27 | അബ്ദുൾ സലാം<br>മംഗലത്ത് വീട്<br>തേറ്റമല പി.ഓ | 8/229 | ഫാൻസി ആന്റ് സ്റ്റേഷനറി |
| 5 | 30 | പി.കെ ഉസ്മാൻ<br>പടിക്കലകണ്ടി<br>മക്കിയാട് പി.ഓ | 11/239 | മലഞ്ചരക്ക് വ്യാപാരം |
| 6 | 31 | ഇബ്രാഹിം കെ.എം<br>കടവത്ത്<br>പള്ളിക്കൽ<br>എള്ളുമന്ദം പി.ഓ | 12/68എ | പെട്രോൾ പമ്പ് |
| 7 | 32 | രവീന്ദ്രൻ<br>മുടവൻകൊടി<br>തൊണ്ടർനാട് പി.ഓ | 4/469 | ചായക്കച്ചവടം |
| 8 | 36 | സെക്രട്ടറി<br>തൊണ്ടർനാട്<br>സർവ്വീസ് സഹകരണ ബാങ്ക്<br>ക്ലിപ്തം നം.-85 | 13/215 | രാസവള ഡിപ്പോ |
| 9 | 45 | രാജൻ കെ.എൻ<br>കിഴക്കേചെരുവിൽ<br>ശശിമല പി.ഓ | 10/457 | ബേക്കറി ആന്റ് കൂൾബാർ |
| 10 | 46 | മുരളീധരൻ<br>പനച്ചിക്കൽ<br>മക്കിയാട് പി.ഓ | 10/17 | ടീ ഷോപ്പ് |
| 11 | 51 | അഹമ്മദ് തറുവൈ<br>അത്തിലൻ വീട്<br>തൊണ്ടർനാട് പി.ഓ<br>കോറോം | 12/559 | ടൂറിസ്റ്റ് ഹോം ഡോർമെറ്ററി |

| | | | | |
|---|---|---|---|---|
| 12 | 59 | സ്റ്റീഫൻ എം.സി<br>മുട്ടത്തിൽ വീട്<br>തേറ്റമല പി.ഓ | 8/283 | ജനസേവകേന്ദ്രം |
| 13 | 65 | ഷമീറലി<br>കടവിൽ<br>ചിറമൂല<br>തൊണ്ടർനാട് | 11/53സി,ഡി | പലചരക്ക് കച്ചവടം |
| 14 | 67 | സനിൽ<br>സനിൽ നിവാസ്<br>കുഞ്ഞോം പി.ഓ | 2/154,155 | പലചരക്ക് കച്ചവടം |
| 15 | 83 | ഇബ്രാഹിം വി<br>വള്ളുവശ്ശേരി<br>തൊണ്ടർനാട് പി.ഓ | 12/450 | ക്രോക്കറി പാത്രക്കട |
| 16 | 85 | മത്തായി<br>കരിമ്പാക്കുടിയിൽ<br>മക്കിയാട് പി.ഓ | 11/215,216 | പലചരക്ക് കച്ചവടം |
| 17 | 91 | അബ്ദുള്ള ഹാജി<br>കടയക്കൽ<br>തൊണ്ടർനാട് പി.ഓ | 12/612ബി | പലചരക്ക് കച്ചവടം |
| 18 | 104 | ജിൽസ്<br>ചാരുവിള<br>മക്കിയാട് പി.ഓ | 12/436 | സ്റ്റുഡിയോ |
| 19 | 105 | പി.അനിൽകുമാർ<br>ഗായത്രി ഭവൻ<br>കുത്താളി പി.ഓ<br>പേരാമ്പ്ര | 15/45 | ആയുർവ്വേദ മരുന്ന് വിൽപ്പന |
| 20 | 109 | അബ്ദുള്ള കെ.കെ<br>കൊക്കമ്മൽ വീട്<br>തൊണ്ടർനാട് പി.ഓ | 12/434 | ഹാർഡ്‌വെയർ ഷോപ്പ് |
| 21 | 121 | ഷാന്റി ബാബു<br>പരീക്കാമോളയിൽ<br>തൊണ്ടർനാട് പി.ഓ | 12/55 | ടെക്സ്റ്റൈൽ ആന്റ് ടൈലറിംഗ് ഷോപ്പ് |
| 22 | 123 | പി.എം ടോമി<br>പെരുമാട്ടിക്കുന്നേൽ<br>മക്കിയാട് പി.ഓ | 6/253 | പൊതുവിതരണ കേന്ദ്രം |
| 23 | 125 | മുഹമ്മദ് റാഫി<br>അത്തിലൻ വീട്<br>തൊണ്ടർനാട് പി.ഓ | 11/310 | ഇൻഡസ്ട്രീയൽ യൂണിറ്റ് |
| 24 | 128 | നിഷാദ് കെ<br>കീഴാട്ട് വീട്<br>കണ്ടത്ത് | 5/303,304 | പൊതുവിതരണ കേന്ദ്രം |

| | | | | |
|---|---|---|---|---|
| 25 | 129 | പി.റ്റി ജോസ് പുതുക്കുളങ്ങര പശുക്കടവ് | 11/454 എ,ബി | കൊപ്ര മില്ല് |
| 26 | 135 | വി.ജെ വിനു വാരപ്പടവിൽ തൊണ്ടർനാട് പി.ഓ | 12/389 | വാഹനങ്ങളുടെ ഇലക്ട്രിക്ക് ജോലികൾ |
| 27 | 136 | ബിനേഷ് ജോസഫ് മറ്റപ്പിള്ളിൽ വീട് വാഞ്ഞോട് പി.ഓ | 10/229 | ഇൻഡസ്ട്രിയൽ യൂണിറ്റ് |
| 28 | 137 | ബിനേഷ് ജോസഫ് മറ്റപ്പിള്ളിൽ വീട് വാഞ്ഞോട് പി.ഓ | 5/172 | പലചരക്ക് വ്യാപാരം |
| 29 | 138 | മത്തായി എം എ മുണ്ടക്കൽ വീട് പുതുശ്ശേര് | 6/135എ | പച്ചക്കറി,പലചരക്ക് വ്യാപാരം |
| 30 | 140 | ഷാജു മാത്യു മരങ്ങാട്ടിൽ പുതുശ്ശേരി പി.ഓ | 6/233 | സ്റ്റേഷനറി |
| 31 | 141 | ഇ.കെ മോഹൻദാസ് നെല്ലിയാറ്റ വീട് പുതുശ്ശേരി പി.ഓ | 6/226,227 | ഇലക്ട്രിക്ക് ഹാർഡ്‌വെയർ ഷോപ്പ് |
| 32 | 144 | പ്രസിഡന്റ് ഗ്രേസ് ആന്റ് കംപാഷൻ ബെനഡിക്ടൻ സൊസൈറ്റി,മക്കിയാട് പി.ഓ | 10/448 | സെന്റ് കോളാസ്റ്റിക്ക ഹോസ്പിറ്റൽ |
| 33 | 145 | പ്രസിഡന്റ് ഗ്രേസ് ആന്റ് കംപാഷൻ ബെനഡിക്ടൻ സൊസൈറ്റി,മക്കിയാട് പി.ഓ | 10/449 | മെഡിക്കൽ ലാബ് |
| 34 | 146 | റോബിൻ ബാബു മണത്തിലത്ത് വീട് റോബി മാത്യു തിരുമലയിൽ വഞ്ഞോട്(പി.ഓ) | 12/427 | അലുമിനിയം ഫാബ്രിക്കേഷൻ വർക്ക് |
| 35 | 147 | നിഷ കെ തോമസ് കൈതവേലിൽ വാളാട് പി.ഓ | 12/428 | ഡി.റ്റി.പി സെന്റർ |
| 36 | 148 | അനീഷ് ഊരക്കാട്ടിൽ വീട് മട്ടിലയം പി.ഓ | 11/210 എ,ബി | ബേക്കറി ആന്റ് കൂൾബാർ |
| 37 | 149 | ദീപു ഫിലിപ്പ് | 11/210 എ,ബി | ബേക്കറി ആന്റ് |

| | | | | |
|---|---|---|---|---|
| | | രാമപുരത്ത് വീട് മക്കിയാട് പി.ഓ | | കൂൾബാർ |
| 38 | 150 | രാജീവൻ കൊമ്പൻതറയിൽ മക്കിയാട് പി.ഓ | 11/209 കെ | ഫാൻസി ആന്റ് സ്റ്റേഷനറി |
| 39 | 151 | സജീർ കെ കോമ്പി വീട് മക്കിയാട് പി.ഓ | 15/131 | ഫാൻസി ആന്റ് കൂൾബാർ |
| 40 | 153 | ജലീൽ ഉമ്മത്തൂർ മാനന്തവാടി | 11/402 | ഗ്യാസ് സ്റ്റൗ റിപ്പയർ |
| 41 | 156 | അഹമ്മദ് S/o പോക്കർ കോമ്പി വീട് മക്കിയാട് പി.ഓ | 15/134 | ടെക്സ്റ്റൈൽസ് |
| 42 | 157 | കെ സാറ കീഴാട്ട വീട് വെള്ളമുണ്ട പി.ഓ | 11/156,157 | പൊതുവിതരണകേന്ദ്രം |
| 43 | 158 | അബ്ദുൾ സലാം എരി വീട് തൊണ്ടർനാട് പി.ഓ | 12/399 | സ്റ്റേഷനറി ആന്റ് ഫൂട്ട്വെയർ |
| 44 | 159 | കെ.പി രാജശേഖരൻ മരാടി വീട് മട്ടിലയം പി.ഓ | 12/417 | ഇംഗ്ളീഷ് മരുന്ന് ഷോപ്പ് |
| 45 | 160 | സി.ജെ ജോണി ചിറയിൽ വീട് മക്കിയാട് പി.ഓ | 11/395എ | ഫർണിച്ചർ നിർമാണം |
| 46 | 161 | ഫൈസൽ കാവുംതലയ്ക്കൽ കുഞ്ഞോം പി.ഓ | 12/249 എ,ബി,സി,ഡി | ഹാർഡ്‌വെയർ ഷോപ്പ് |
| 47 | 165 | ബെന്നി എം.ഡി മുണ്ടക്കാട്ട് നിരവിൽപുഴ പി.ഓ | 15/116 | ഹോട്ടൽ ഹിമാലയ |
| 48 | 166 | ആബ്ദുള്ള ഇ കെ എണ്ണകടിയൻ തൊണ്ടർനാട് | 12/404 | പലചരക്ക് വ്യാപാരം |
| 49 | 168 | കെ.കെ ഹാരിസ് കോരൻകുന്നേൽ വീട് തൊണ്ടർനാട് പി.ഓ | 12/222 ജി.എച്ച് | പലചരക്ക് കച്ചവടം |

| | | | | |
|---|---|---|---|---|
| 50 | 169 | അന്ത്രു<br>കളരിപ്പൊയിൽ<br>തൊണ്ടർനാട് പി.ഓ | 12/487 | പലചരക്ക് കച്ചവടം |
| 51 | 180 | മാനേജർ<br>സപ്ളൈകോ<br>C/o ബിമൽ പി<br>പ്രസന്നം-കോമ്മേരി | 12/191,192 | മാവേലി സ്റ്റോർ |
| 52 | 190 | പോക്കർ ഇ കെ<br>എണ്ണകുടിയൻ<br>കിണറ്റിങ്ങൽ<br>വെള്ളമുണ്ട | 12/535ജെ | സിമന്റ് ഉൽപന്നങ്ങൾ വിൽപന |
| 53 | 192 | മുഹമ്മദ് ഫൈസൽ<br>കരക്കണ്ടത്തിൽ വീട്<br>പരിയാരം പി.ഓ | 12/535 ജെ | ട്രാവൽസ് ആന്റ് ട്രാൻസ്പോർട്ട് |
| 54 | 193 | മുഹമ്മദ് ഫൈസൽ<br>കരക്കണ്ടത്തിൽ വീട്<br>പരിയാരം പി.ഓ | 12/535 എൻ | ബ്യൂട്ടിപാർലർ |

B)2020-21 സാമ്പത്തിക വർഷം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് ജോലികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

1)അബ്ദുള്ള എ. പിഡബ്ള്യ.ഡി കോൺട്രാക്ടർ

അബ്ളിയേരി വീട്

കുഞ്ഞോം പി.ഓ

തൊണ്ടർനാട്

2)അയ്യൂബ് കെ.എ പിഡബ്ള്യ.ഡി കോൺട്രാക്ടർ

അത്തിലൻ വീട്

തൊണ്ടർനാട് പി.ഓ

കോറോം

3)ഗഫൂർ പി പിഡബ്ള്യ.ഡി കോൺട്രാക്ടർ

പൊന്നാണ്ടി വീട്

തൊണ്ടർനാട് പി.ഓ

കോറോം

4)ജിജ്ജ മാത്യു പിഡബ്ള്യ.ഡി കോൺട്രാക്ടർ

ചെറിയകുന്നേൽ വീട്

തൊണ്ടർനാട് പി.ഓ

കോറോം

5)ടി.ജെ ജോസഫ് പിഡബ്ള്യ.ഡി കോൺട്രാക്ടർ

താഴെപ്പിള്ളിൽ വീട്

പുതുശ്ശേരി പി.ഓ

മാനന്തവാടി

6)ജിയോ ജോസഫ് പിഡബ്ള്യ.ഡി കോൺട്രാക്ടർ

താഴെപ്പിള്ളിൽ വീട്

പുതുശ്ശേരി പി.ഓ

മാനന്തവാടി

7)തൊണ്ടർനാട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

നമ്പർ 100 കുഞ്ഞോം പി.ഓ

തൊണ്ടർനാട്

വയനാട്

8)നജീബ് വി പിഡബ്ള്യ.ഡി കോൺട്രാക്ടർ

വാഴയിൽ വീട്

മക്കിയാട് പി.ഓ

ചീപ്പാട്

വയനാട്

9)ബൈജു ടി.കെ പിഡബ്ള്യ.ഡി കോൺട്രാക്ടർ

തൊണ്ടുങ്ങൽ വീട്

മക്കിയാട് പി.ഓ

10)ബോബി എൻ എബ്രഹാം, പിഡബ്ള്യ.ഡി കോൺട്രാക്ടർ

നെടുംപുറത്ത് വീട്

മക്കിയാട് പി.ഓ

കാഞ്ഞിരങ്ങാട്

11)മുഹമ്മദ് റാഫി എ, പിഡബ്ള്യ.ഡി കോൺട്രാക്ടർ

അത്തിലൻ വീട്

തൊണ്ടർനാട് പി.ഓ

കോറോം

12)റഹീസ് എ, പി.ഡബ്ള്യ.ഡി കോൺട്രാക്ടർ

അത്തിലൻ വീട്

തൊണ്ടർനാട് പി.ഓ

കോറോം

13)സ്റ്റീഫൻ പി.എം, പി.ഡബ്ള്യ.ഡി കോൺട്രാക്ടർ

പെരുമ്പേൽ വീട്

പുതുശ്ശേരി പി.ഓ

മാനന്തവാടി

C)പഞ്ചായത്ത് പരിധിയിൽ സേവനം ചെയ്യുന്ന ഡോക്ടർമാർ,അഭിഭാഷകർ എന്നിവരിൽ നിന്ന് തൊഴിൽ

നികുതി ഈടാക്കിയിട്ടില്ല.

D) 2020-21 സാമ്പത്തികവർഷം താഴെ പറയുന്ന പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ

നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടില്ല

1)തൊണ്ടർനാട് സർവ്വീസ് സഹകരണ ബാങ്ക്

2)കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ കോറോം

3)സെന്റ്.സ്കോളാസ്റ്റിക്ക് ഹോസ്പിറ്റൽ മക്കിയാട്

4)ഇ-ത്രീ പാർക്ക്

5)വയനാട് ഡിസ്ട്രിക്ക് കോ-ഓപ്പറേറ്റീവ് ബാങ്ക്-കോറോം

E) 2019-2020,2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ ലെ 2019-2020 രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഡിമാന്റിലുണ്ടായിരുന്ന ഏതാനും ജീവനക്കാരുടെ തൊഴിൽ നികുതി 2020-21 ഒന്നാം അർദ്ധ വർഷം ഈടാക്കിയതായി കാണുന്നില്ല 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. മേൽ ജീവനക്കാർ ഓഫീസിൽ നിന്ന് വിരമിക്കുകയോ,സ്ഥലമാറ്റം ലഭിക്കുകയോ,രാജിവെക്കുകയോ ചെയ്തതായോ, മറ്റ് ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 2020-21 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയതായോ ഉള്ള വിവരവും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേൽ ജീവനക്കാരിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടവ് സംമ്പന്ധിച്ച വിവരങ്ങൾ വ്യക്തമല്ലാത്ത ജീവനക്കാരുടെ വിവരങ്ങൾ ചുവടെ നൽകുന്നു

| ക്രമ നമ്പര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് |
|---|---|---|
| 1 | എ.യു.പി.എസ് വഞ്ഞോട് | വി.വി രഘുനാഥൻ-പി.ഇ.റ്റി |
| 2 | എ.യു.പി.എസ് കുഞ്ഞോം | ശിവൻ കെ.പി-എച്ച്.എം |
| 3 | എ.യു.പി.എസ് കുഞ്ഞോം | അഷ്റഫ്.പി.റ്റി-അറബിക്ക് ടീച്ചർ |
| 4 | എം.റ്റി.ഡി.എം.എച്ച്.എസ്.എസ് | ജോസ് പി ജയിക്സൺ-എച്ച്.എസ്.എ ഗണിത ശാസ്ത്രം |
| 5 | എ.യു.പി.എസ് കുഞ്ഞോം | മറിയം പി.എം-എച്ച്.എസ്.എ മലയാളം |

F) 2020-21 വർഷത്തെ ലൈസൻസ്,തൊഴിൽ നികുതി രജിസ്റ്ററിന്റെ അബ്സ്റ്ററാക്റ്റിൽ ഡിമാന്റ്, കളക്ഷൻ,ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം രജിസ്റ്ററുകൾ തയ്യാറാക്കുന്ന രീതിയാണ് നിലവിൽ ഗ്രാമപഞ്ചായത്തിൽ പിന്തുടർന്ന് പോരുന്നത്.

## 1-16 ഹോമിയോ ഡിസ്പെൻസറിയ്ക്ക് വേണ്ടി പ്രൊജക്റ്റിൽ പണം വകയിരുത്തി വാങ്ങിയ മരുന്ന് ഡിസ്പെൻസറിക്ക് ലഭ്യമാക്കിയിട്ടില്ല

പൊജക്റ്റ് :31/2020-21

അടങ്കൽ: 400000

ചിലവ്:396055

ബില്ല് നമ്പർ: 1/2020-21 / 05/11/2020 =396055/-

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 396055/- രൂപ ബില്ല് നമ്പർ 1/2020-21 / 05/11/2020 ഹോംകോയ്ക്ക് നൽകിയിട്ടുള്ളതും. ആയതിന്റെ രസീത് 24/11/2020 ലഭിച്ചിട്ടുള്ളതുമാണ്. എന്നാൽ മേൽ തുകയ്ക്കുള്ള മരുന്ന് ഹോമിയോ ഡിസ്പെന്സറിക്ക് നാളിതുവരേയും ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27/11/2021ാം തീയ്യതിയിലെ 16/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കി ഹോമിയോ ഡിസ്പെൻസറിയ്ക്ക് കൈമാറേണ്ടതാണ്.മേൽ പദ്ധതിക്കായി ചെലവഴിച്ച 396055 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-17 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സാധന സാമഗ്രികൾ സ്റ്റോക്കിൽ രേഖപ്പെടുത്തുന്നത് ക്രമപ്രകാരമല്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ ആർജ്ജിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. റോഡ്

കോൺക്രീറ്റ്, ഇന്റർ ലോക്ക് സ്ഥാപിക്കൽ, വെട്ട് കല്ല് പാകൽ എന്നീ പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്. പദ്ധതികൾക്കായി ടെണ്ടർ ക്ഷണിക്കുകയും കരാറുകാർക്ക് ആവശ്യകതയ്ക്കനുസരിച്ചുള്ള മെറ്റീരിയലുകൾ വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകി. എന്നാൽ ആവശ്യകതയ്ക്കനുസരിച്ചുള്ള മെറ്റീരിയലുകളല്ല സപ്ലൈ ചെയ്തതും സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതും. മറിച്ച് പ്രവൃത്തി കഴിഞ്ഞ് അളവെടുത്ത ശേഷം യഥാർത്ഥത്തിൽ ഉപയോഗിച്ച സാധനങ്ങളാണ് സ്റ്റോക്കിലെടുക്കുന്നത്. ഇപ്രകാരം ചെയ്യുന്നതിനാൽ ആവശ്യകതയുള്ള സാധനങ്ങളും യഥാർത്ഥത്തിൽ കരാറുകാരൻ ബിൽ പ്രകാരമുള്ള സാമഗ്രികളുമല്ല സ്റ്റോക്കിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. ഇത് ശരിയായ നടപടിക്രമമല്ല. ആവശ്യകത പ്രകാരമുള്ള സാധനങ്ങൾ മുഴുവനും സ്റ്റോക്കിൽ രേഖപ്പെടുത്തുകയും കരാറുകാരൻ സമർപ്പിക്കുന്ന ബിൽ തുകയോ പ്രവൃത്തിയുടെ അളവെടുത്ത ശേഷം വരുന്ന തുകയോ ഏതാണോ കുറവ് ആ തുക എസ്റ്റിമേറ്റിൽ നിജപ്പെടുത്തി കരാറുകാരൻ നൽകാവുന്നതാണ്. ആവശ്യകതയിൽ കുറവ് സാധന സാമഗ്രികൾ സ്റ്റോക്കിലെടുക്കുന്നത് വഴി പ്രസ്തുത പ്രവൃത്തിയുടെ ക്വാളിറ്റിയിൽ സംശയം ഉളവാക്കുന്ന അവസ്ഥ ഉണ്ടാകുന്നതിന് കാരണമാകുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ - പഞ്ചായത്തിന് അധിക ചെലവ്

പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ മൂലം പഞ്ചായത്തിന് 28,455 രൂപ അധിക ചെലവ്. വിശദ വിവരത്തിന് ഖണ്ഡിക 3-2 കാണുക

## 1-19 പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കാതെ കമ്പ്യൂട്ടർ , ഫർണ്ണീച്ചറുകൾ വാങ്ങി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ (പി) 259/2010/തസ്വഭവ തീ. 8.11.2010).പ്രസ്തുത മാർഗ്ഗരേഖ അനുസരിച്ച് വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. ടെണ്ടർ രേഖകൾ തയ്യാറാക്കി, സ്വീകരിച്ച് , സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങലുകൾക്ക് അംഗീകാരം നൽകേണ്ടത് പ്രൊക്യൂമെന്റ് കമ്മറ്റിയാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡികയിൽ പരാമർശിച്ച വാങ്ങലുകൾക്ക് അംഗീകാരം നൽകിയത് പ്രൊക്യൂമെന്റ് കമ്മറ്റിയല്ല. മെഡിക്കൽ ഓഫീസർ 2020 -21 വർഷത്തിൽ ഫർണ്ണീച്ചർ, കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിന് ചുവടെ കൊടുക്കുംവിധം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമനം | പദ്ധതി | വാങ്ങിയ സാധനങ്ങൾ | തുക /സ്ഥാപനം |
|---|---|---|---|
| 1 | നിരവിൽപ്പുഴ ഹെൽത്ത് സെന്ററിന് ഫർണ്ണീച്ചർ | ഓഫിസ് ഫർണ്ണിച്ചറുകൾ | 88000 സിഡ്കോ |
| 2 | എഫ് എസ് എച്ച് സി - ഓഫീസ് ഫർണ്ണിച്ചർ , ഇൻവേർട്ടർ | ഓഫിസ് ഫർണ്ണിച്ചർ, ഇൻവേർട്ടർ - 1000VA -1 + ബാറ്ററി ഇൻവേർട്ടർ - 2000VA -1 + ബാറ്ററി | സായ് റാം ഫർണ്ണിച്ചർ - ₹97300/- സ്റ്റാർ വിഷൻ - 20500/- സ്റ്റാർ വിഷൻ - 40000/- |
| 3 | ഫോട്ടോമെഷിൻ വാങ്ങുന്നതിനും പഴയത് റിപ്പയർ ചെയ്യുന്നതിനും | A3 പ്രിന്റർ | കർമി ഇൻഫോസിസ് - ₹67500/- |

മേൽ സൂചിപ്പിച്ച വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ടതിന് (20/20-21/29.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ സ്ഥാപനത്തിൽ നടത്തിയ പരിശോധന വേളയിൽ ഇവ സ്റ്റോക്കിലെടുത്തി ട്ടില്ലാത്തതായി ബോധ്യപ്പെട്ടു. പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കാതെ സാധന സാമഗ്രികൾ വാങ്ങിയതിന് മറുപടിയും ഫർണ്ണിച്ചറുകളും ഐ.ടി ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങളും ഹാജരാക്കേണ്ടതാണ്.

## 1-20 സ്നേഹയാനം - ഓട്ടോറിക്ഷാ സർവ്വീസ് അധിക തുക നൽകി

കോറോം ടൗണിൽ നിന്ന് രാവിലെ 9മണി മുതൽ വൈകുന്നേരം 5.30 മണി വരെ തൊണ്ടർനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കും തിരിച്ചും രോഗികളെ കൊണ്ടെത്തിക്കുന്നതിന് ഒട്ടോറിക്ഷാ സർവീസ് ഏർപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്നേഹയാനം - ഓട്ടോറിക്ഷാ സർവ്വീസ് എന്ന പദ്ധതി നടത്തുന്നതിന് ക്ഷണിച്ച ക്വട്ടേഷനിൽ പങ്കെടുത്ത 3 എണ്ണത്തിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ മുഹമ്മദലി എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ചു.ഒരു ദിവസം 1000രൂപയുടെ ക്വട്ടേഷനാണ് അംഗീകരിച്ചത്. ട്രിപ്പ്ഷീറ്റ് പ്രകാരം 2020 ആഗസ്റ്റ് 17 മുതൽ 2021 മാർച്ച് 31 വരെ ആകെ സർവീസ് നടത്തിയത് 184 ദിവസമാണ്. എന്നാൽ പദ്ധതിക്കായി കൂടുതൽ തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | മാസം | ട്രിപ്പ് ഷീറ്റ് പ്രകാരം സർവീസ് നടത്തിയ ദിവസങ്ങൾ | തുക നൽകി യതിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | 2020 ആഗസ്റ്റ് & 2020 സെപ്തംബർ | 39 X1000 = 39000 | 39000/- 16/20-21/ 8.01.2021<br>88,000/- 18/20-21/8.01.2021<br>26000/- 30/20-21/12.02.2021<br>14000/- 37/20-21/16.03.2021<br>27000/- 40/20-21/30.03.2021 |
| 2 | 2020 ഒക്ടോബർ | 27X1000=27000 | |
| 3 | 2020 നവംബർ | 26X1000=27000 | |
| 4 | 2020 ഡിസംബർ | 27X1000=27000 | |
| 5 | 2021 ജനവരി | 26X1000= 26000 | |
| 6 | 2021 ഫെബ്രുവരി | 14X1000 = 14000 | |
| 7 | 2021 മാർച്ച് | 27X1000 = 27000 | |
| | | 187000 | 194000 |

തുക അധികം നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 18/20-21/29.11.2021 ) മറുപടി നൽകിയിട്ടില്ല.

വിഷയത്തിലേക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു. തുക ഈടാക്കി അറിയിക്കുന്നതിലേക്കായി ₹7000/- തടസ്സത്തിൽ വെക്കുന്നു.

## 1-21 വിനിയോഗ വിവരം / കൈപ്പറ്റ് രസീതി ഹാജരാക്കിയില്ല.

ചുവടെ കൊടുക്കുന്ന തരത്തിൽ വിവിധ പദ്ധതികൾക്ക് മറ്റ് സ്ഥാപനങ്ങൾക്ക് അക്കൗണ്ട് ട്രാൻസ്ഫർ വഴി തുക നൽകിയിട്ടുണ്ട്. കൈപറ്റ് രസീതി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് / ബിൽ നം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | ജീവനം പദ്ധതി | 200000 (വികസന ഫണ്ട് ജനറൽ ) | 186000 45/20-21 /31.3.2021 | ജില്ലാ പഞ്ചായത്ത് |
| 2 | നല്ലൂർ നാട് ക്യാൻസർ ആശുപത്രിക്ക് വിഹിതം നൽകൽ | 500000 (വികസന ഫണ്ട് ജനറൽ ) | 500000 34/20-21/ 8.03.2021 | ട്രൈബൽ ഹോസ്പിറ്റൽ , നല്ലൂർനാട്. |

കൈപ്പറ്റ് രസീതി ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/20-21/29.11.2021 ) മറുപടി നൽകിയിട്ടില്ല. കൈപ്പറ്റ് രസീതി ഹാജരാക്കേണ്ടതാണ് . ₹6,86,000/- തടസ്സത്തിൽ വെക്കുന്നു.

## 1-22 ലൈഫ് ഭവന പദ്ധതി ഫേസ് II - ഭവനനിർമ്മാണം പൂർത്തിയായില്ല

ലൈഫ് ഭവന പദ്ധതി ഫേസ് II ൽ 2018 ൽ കരാറിലേർപ്പെട്ടിട്ടും നാളിതു വരെയായി നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ലൈഫ് ഭവന പദ്ധതി ഫേസ് II - ഭവനനിർമ്മാണം | അവസാനം തുക കൈപ്പറ്റിയ | നാളിതു വരെ കൈപ്പറ്റിയ തുക | ഭവന നിർമ്മാണ |
|---|---|---|---|---|---|

| | | പൂരേത്തിയായില്ലകരാർ തീയതി | തീയതി | | സ്റ്റേജ് |
|---|---|---|---|---|---|
| 1 | ഭാരതി എ.പി | 17.10.2018 | 19.12.2019 | 5,40,000 | മേൽക്കൂര |
| 2 | സുനിത മനോജ് | 17.10.2018 | 23.02.2019 | 5,40,000 | മേൽക്കൂര |
| 3 | കമല എ.സി | 17.10.2018 | 23.09.2019 | 5,40,000 | മേൽക്കൂര |
| 4 | മാളു ,ഇട്ടിലാട്ടിൽ | 17.10.2018 | 22.07.2019 | 4,10,000 | ലിന്റൽ |
| 5 | രാധ | 17.10.2018 | 19.12.2019 | 5,40,000 | മേൽക്കൂര |
| 6 | നിഷ രാജൻ | 17.10.2018 | 23.9.2019 | 5,40,000 | മേൽക്കൂര |
| 7 | വിനോദ് മാമ്പട്ടി | 17.10.2018 | 23.9.2019 | 4,20,000 | ലിന്റൽ |
| 8 | ലീല , കുഞ്ഞോം കോളനി | 17.10.2018 | 23.9.2019 | 5,40,000 | മേൽക്കൂര |
| 9 | ശാന്ത ഇട്ടിലാട്ടിൽ | 17.10.2018 | 31.10.2019 | 5,40,000 | മേൽക്കൂര |
| 10 | പുഷ്പ കേളു | 31.10.2018 | 3.10.2019 | 5,00,000 | മേൽക്കൂര |
| 11 | കമല ചുരുളി | 31.10.2018 | 31.10.2018 | 90,000 | അഡ്വാൻസ് |
| 12 | ലക്ഷ്മി മധു | 31.10.2018 | 23.9.2019 | 5,40,000 | മേൽക്കൂര |
| 13 | ലീല പാലിയോട്ടിൽ | 31.10.2018 | 23.9.2019 | 5,40,000 | മേൽക്കൂര |
| 14 | സിന്ധു പാലിയോട്ടിൽ | 31.10.2018 | 23.9.2019 | 5,40,000 | മേൽക്കൂര |
| 15 | അമ്മിണി പുറവഞ്ചേരി | 28.10.2019 | 28.10.2019 | 5,40,000 | മേൽക്കൂര |
| 16 | കീര വട്ടത്തിൽ | 30.11.2018 | 11.02.2020 | 1,90,000 | ബേസ്മെന്റ് |
| 17 | പുഷ്പ ഉതിരച്ചിറ | 30.11.2018 | 03.07.2019 | 2,10,000 | ബേസ്മെന്റ് |

പട്ടികയിൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-23 ക്ഷീര കർഷകർക്ക് റബർ മാറ്റ് വിതരണം.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ( സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ) പ്രകാരം മിനി ഡയറി യൂണിറ്റ് ആധുനികവത്കരണത്തിന് 50% സബ്സിഡി അനുവദിക്കാവുന്നതാണ്. 5 പശുക്കളെങ്കിലുമുള്ളവർക്ക് കറവയന്ത്രം, റബർമാറ്റ് , ഓട്ടോമാറ്റിക് ഡ്രിങ്കിഗ് ബൗൾ, സ്ലറി പമ്പ് , ബയോഗ്യാസ് പ്ലാന്റ് ,ഡംഗ് പിറ്റ് എന്നിവ വാങ്ങാവുന്നതാണ്.

2019 – 20 വർഷത്തെ ക്ഷീര കർഷകർക്ക് റബർ മാറ്റ് വിതരണം എന്ന പദ്ധതി 2020- 21 ലാണ് നടപ്പാക്കിയത്. ഒരു കർഷകന് രണ്ട് റബർ മാറ്റ് വീതമാണ് നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

അടങ്കൽ - 3,00,000/-( വികസനഫണ്ട്,ജനറൽ ),3,00,000/- (ഗുണഭോക്തൃവിഹിതം)

ചെലവ്- 3,00,000/-

ബിൽ നം- 2/20-21/20.04.2020 – 1,90,000

ബിൽ നം- 9/20-21/17.2.2021 – 1,10,000

പദ്ധതിയിലെ ടെണ്ടർ നടപടിയിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.
ടെണ്ടറിൽ 4 പേരാണ് പങ്കെടുത്തിട്ടുള്ളത്. ടെണ്ടർ നോട്ടീസ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കംപാരിറ്റേറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. 6X4 മീറ്റർ സ്പെസിഫിക്കേഷനിലുള്ള റബർ മാറ്റാണ് ടെണ്ടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കലവറ ഫർണ്ണീച്ചർ & ഹാർഡ്‌വെയറിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ടി സ്ഥാപനത്തിന്റെ 20.04.2020, 11.12.2020 എന്നീ തീയതികളിലെ ക്യാഷ് ബില്ല് പ്രകാരം 25mm കനമുള്ള 6X4 മീറ്റർ സ്പെസിഫിക്കേഷനിലുള്ള 240 റബർ മാറ്റാണ് സപ്ലൈ ചെയ്തിട്ടുള്ളത്. ഒരു മാറ്റിന് നികുതി ഉൾപ്പെടെ 2500രൂപ തോതിൽ 240 റബർ മാറ്റുകളാണ് വാങ്ങിയത് ( ആകെ ചെലവ് ₹6,00,000/- ). ടി സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിൽ 25 Mm കനമുള്ള മൂന്ന് തരം ( കമ്പനികളുടെ ) റബർ മാറ്റുകളുടെ തുകയാണ് ക്വാട്ട് ചെയ്തത്. വിശദാംശം ചുവടെ കൊടുക്കുന്നു.

1 . റബർ മാറ്റ് 25mm – 6X4 – പോപ്പുലർ - ₹2473/-

2 . റബർ മാറ്റ് 25mm – 6X4 – ഇഡ് ട്രഫ് - ₹2617/-

3 . റബർ മാറ്റ് 25mm – 6X4 – ഷാലിമാർ -₹2785/-

26/11/2019 ൽ സ്ഥാപനം സമർപ്പിച്ച അപേക്ഷയിൽ 2685 രൂപയുടെ റബർ മാറ്റ് നെഗോഷിയേറ്റ് ചെയ്ത് 2500രൂപയ്ക്ക് നൽകാൻ സമ്മതമാണെന്ന് അറിയിച്ചു. എന്നാൽ ടെണ്ടർ ഷെഡ്യൂളിൽ ഈ തുക ക്വാട്ട് ചെയ്തിട്ടില്ല. മാത്രമല്ല സപ്ലൈ ചെയ്ത ബില്ലിൽ ഏത് തരം ( കമ്പനിയുടെ ) റബർ മാറ്റാണ് സപ്ലൈ ചെയ്തതെന്ന് വ്യക്തമല്ല. ഓരോ ഗുണഭോക്താവിനും എത്ര ഉരുക്കളുണ്ടെന്ന് വ്യക്തമല്ല. ഓരോ ഗുണഭോക്താവിനും 2 വീതം മാറ്റുകളാണ് നൽകിയത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ക്രമനമ്പർ 3 ൽ സൂചിപ്പിച്ച റബർമാറ്റുകളാണ് നൽകിയത് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇത് സാധൂകരിക്കുന്ന രേഖകളൊന്നും സമർപ്പിച്ചിട്ടില്ല. പദ്ധതിയിൽ ഉരുക്കളുടെ എണ്ണം മാനദണ്ഡമായി എടുക്കാത്തതെയാണ് പദ്ധതി നടപ്പാക്കിയതെന്നുമാണ്.

പദ്ധതി നടത്തിപ്പ് സുതാര്യമാക്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

## 1-24 തെരുവ് നായ നിയന്ത്രണം, പേ വിഷബാധ നിയന്ത്രണം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

തെരുവ് നായ വന്ധീകരണവും, വാക്സിനേഷനുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത് .

അടങ്കൽ - 1,00,000( വികസന ഫണ്ട്, പൊതുവിഭാഗം)

ചെലവ് - ₹49,764/-

ബിൽ - 11/2020-21/28.2.2021 - ₹49,764/-

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ( സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ) പ്രകാരം പേവിഷ നിർമ്മാർജനത്തിന് ആവശ്യമുള്ള വാക്സിന്റെ അളവ് പഞ്ചായത്തുകൾ മുൻകൂട്ടി മൃഗസംരക്ഷണ വകുപ്പിനെ അറിയിക്കേണ്ടതും വകുപ്പ് നിശ്ചയിച്ചുറപ്പിക്കുന്ന സ്ഥാപനത്തിൽ നിന്നും അതേ നിരക്കിൽ വാക്സിൻ വാങ്ങാവുന്നതുമാണ്.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ക്വട്ടേഷൻ നടപടികളിലൂടെ മലബാർ ഡ്രഗ് ലൈൻസിൽ നിന്നും 10ml ന്റെ 163 യൂണിറ്റ് (1630 ഡോസ് ) മരുന്നാണ് വാങ്ങിയത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മലബാർ ഡ്രഗ് ലൈൻസിൽ നിന്നും വാങ്ങിയ വാക്സിനുകൾ നാളിതു വരെയായി ഉപയോഗിച്ചില്ല എന്ന് കണ്ടു.

മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ മരുന്നുകൾ വാങ്ങിയതിനും, വാക്സിനുകൾ ഉപയോഗിക്കാത്തതിനും വിശദീകരണം നൽകാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 7/20-21/26.11.21 ) ന് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച വാക്സിനുകൾ ഉപയോഗിച്ച് തീരാത്തതിനാലാണ് പദ്ധതി പ്രകാരം വാങ്ങിയ വാക്സിനുകൾ ഉപയോഗിക്കാത്തത് എന്ന മറുപടിയാണ് നൽകിയത്. ഇതോടൊപ്പം ഹാജരാക്കിയ റാബീസ് വാക്സിനേഷൻ വിതരണ രജിസ്റ്ററിൽ 16/02/2021 ന് അനിമൽ ഡിസീസ് കൺട്രോൾ , വയനാടിൽ നിന്നും 300 ഡോസ് ആന്റി റാബീസ് വാക്സിനേഷനുകൾ ലഭ്യമായതായും ഓഡിറ്റ് നടത്തിയ വേളയിൽ 183 ഡോസ് വാക്സിനുകൾ അവശേഷിക്കുന്നതായും കണ്ടു. ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

വാങ്ങലുകൾക്ക് മൃഗസംരക്ഷണ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

## 1-25 പദ്ധതി പൂർത്തിയായിട്ടും പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം വിതരണം നടത്തിയ സ്ഥാപനത്തിന് നൽകിയില്ല

തൻവർഷം കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് ചുവടെ കൊടുക്കുന്ന തരത്തിൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമനം | പദ്ധതി/ | വിതരണം നടത്തിയ സ്ഥാപനം | ബിൽ /തുക | സ്ഥാപനത്തിന് നൽകിയ തുക | ഗുണഭോക്തൃവിഹിതമിനത്തിൽ സ്ഥാപനത്തിന് നൽകേണ്ട തുക |
|---|---|---|---|---|---|
| 1 | സ്നേഹിത കാളിംഗ് - എ എച്ച ടി കുടുംബങ്ങൾക്ക് കോഴിയും കൂടും<br>അടങ്കൽ-99600<br>( വി.ഫ ജനറൽ ) + 99600–ഗുണഭോക്തൃ വിഹിതം - | S& T പൗൾട്രി , പള്ളിക്കുന്ന് | 191/24.03.2021 -<br>24000 | 12000<br>ബിൽ നമ്പർ 26/20-21/20.03.21 | 12000 |

| | | | | | |
|---|---|---|---|---|---|
| | 99600 | | | | |
| 2 | എസ് സി വനിതകൾക്ക് കോഴിയും കൂട്ടും<br>അടങ്കൽ-63000<br>( വി.ഫ ജനറൽ )+ 21000 - ഗുണഭോക്തൃ വിഹിതം | S& T പൗൾട്രി , പള്ളിക്കുന്ന് | 172/26.2.21 - 46800 | 35100<br>ബിൽ നം 13/20-21 /13.3.2021 | 11700 |

പഞ്ചായത്തിൽ അടവാക്കിയ ഗുണഭോക്തൃവിഹിതം നാളിതു വരെയായിട്ടും സ്ഥാപനത്തിന് നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് ( ഓഡിറ്റ് എൻക്വയറി /20-21/ 27.11.2021 ) സ്ഥാപനം ആവശ്യപ്പെടാത്തതിനാലാണ് തുക നൽകാത്തത് എന്ന മറുപടി തൃപ്തികരമല്ല. ഗുണഭോക്തൃവിഹിതമിനത്തിലെ തുക സ്ഥാപനം കൈപ്പറ്റിയതിന്റെ വിശദാംശങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തുക ₹23700/- തടസ്സത്തിൽ വെക്കുന്നു.

## 1-26 ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് - ഫയൽ ഹാജരാക്കിയില്ല.

ചെലവ് പത്രിക പ്രകാരം 2020- 21 ൽ ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് ( എന്ന പദ്ധതിക്ക് ₹8,42,772/- ( വികസന ഫണ്ട് - പൊതുവിഭാഗം )ചെലവുണ്ട്. ഫയൽ ഓഡിറ്റിന് ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ₹8,42,772/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-27 സുഭിക്ഷ കേരളം - വനിതകൾക്ക് കോഴിക്കുഞ്ഞ് വിതരണം - (എസ്.ടി )-വിതരണ രേഖകൾ ഹാജരാക്കിയില്ല

സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി പട്ടിക വർഗ്ഗ വനിതകൾക്ക് കോഴിക്കുഞ്ഞ് വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിക്ക് ചുവടെ കൊടുക്കുന്ന തരത്തിൽ തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ - ₹549600/- ( വികസന ഫണ്ട് - ടി.എസ്.പി )

ചെലവ് - ₹3,15,600/-

ബിൽ നമ്പർ -14/20-21/13.03.2021 -₹180000/-( ഇൻവോയ്സ് നം . 173/26.2.21 – 1500 എണ്ണം)

17/20-21/15.03.2021 -₹124800/-( ഇൻവോയ്സ് നം . 184/8.3.21 – 1040 എണ്ണം)

25/20-21/23 .03.2021–₹10800/- (ഇൻവോയ്സ് നം . 192/24.3.21– 90 എണ്ണം)

ജില്ലയിലെ അംഗീകൃത നഴ്സറിയായ എസ് & ടി പൗൾട്രി പള്ളിക്കുന്നിൽ നിന്നും 2630 കോഴിക്കുഞ്ഞുങ്ങളെയാണ് വാങ്ങിയിട്ടുള്ളത്. വിതരണ വിവരം ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( /20-21/27.9.2021) വിതരണ വിവരം ഹാജരാക്കുന്നതാണെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. വിതരണ വിവരവും, മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. ചെലവ് തുക ₹3,15,600/- തടസ്സത്തിൽ വെക്കുന്നു.

## 1-28 ഹരിത കർമ്മ സേന കാര്യക്ഷമമല്ല

ദേശീയ സംസ്ഥാന പാതയോരങ്ങളിലെ ജൈവ,അജൈവ മാലിന്യങ്ങളെ നീക്കം ചെയ്യുവകയിൽ കേരള സ്ക്രാപ്പ് ആന്റ് മർച്ചന്റ് അസ്സോസിയേഷന് 52500/- രൂപ 22000324/27-8-2020 വൗച്ചർ മുഖേന നൽകി.സർക്കാർ ഉത്തരവ് 3765/ജി/2017 എസ്.എം.(ഭാഗം11) 3-6-2020 പ്രകാരം ജൈവമാലിന്യങ്ങൾ,അജൈവമാലിന്യങ്ങൾ എന്നിവയാക്കി തരം തിരിച്ച് ശേഖരിക്കുന്നതിനും ,ജൈവമാലിന്യങ്ങൾ കംപോസ്റ്റിങ്ങിനായി ഉപയോഗപ്പെടുത്തുന്നതിനും അജൈവമാലിന്യങ്ങൾ ഹരിതകർമ്മ സേന മുഖാന്തിരം തൊട്ടടുത്ത മെറ്റീരിയൽ റിക്കവറി സെന്ററിൽ തരം തിരിച്ച് സൂക്ഷിക്കുന്നതിനും ഇവ പാഴ് വസ്തു വ്യാപാരികൾ ,ക്ളീൻ കേരള കമ്പനി എന്നിവർക്കു കൈമാറാൻ നിർദ്ദേശം നല്കിയിരുന്നു.എന്നാൽ ഹരിതകർമ്മ സേനക്ക് വരുമാനം ലഭിക്കാൻ ഉദ്ദേശിച്ച നടത്തിയത് എങ്ങനെ പഞ്ചായത്തിന് ചെലവ് വരുന്ന നിലയിലേക്ക് വന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.29-9-20 ന് ചേർന്ന സാധാരണയോഗത്തിലെ അജണ്ട 9 പ്രകാരം ഹരിതകർമ്മ സേന കാര്യക്ഷമമല്ലെന്നും പുനസംഘടിപ്പിക്കാൻ ഓരോ വാർഡിൽ നിന്ന് സന്നദ്ധരായ 2ആളുകളെ ഉൾപ്പെടുത്തി ഹരിതകർമ്മ സേന സജ്ജമാക്കുന്നതിന് തീരുമാനിക്കുകയുണ്ടായി (തീരുമാനം 1.)ഇത്തരത്തിൽ ഹരിതകർമ്മ സേന നിർവീര്യമാകുവാനുള്ള കാരണം വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ 10/26-11-2021 പ്രകാരമുള്ള അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ

52500രൂപ തടസ്സത്തിൽ വയ്ക്കുന്നു.

### 1-29 കോർപ്പസ് ഫണ്ട് തിരികെ ലഭിച്ചതായി രേഖയില്ല

2016-2017 വർഷത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകരിച്ച വെങ്ങയോട് കോളനി കുടിവെള്ള പദ്ധതിയുടെ ലൈൻ എക്സ്റ്റൻഷനുവേണ്ടിയുള്ള തുക കെ.എസ്.ഇ.ബിയിൽ അടവാക്കുന്നതിനായി തനതുഫണ്ടിൽ നിന്ന് 394015/-രൂപ 22000054/30-4-2020 വൗച്ചർ നമ്പർ പ്രകാരവും,357904 രൂപ 22000269/27-7-2020 വൗച്ചർ പ്രകാരവും പിൻവലിച്ച് നല്കി.കോർപ്പസ് ഫണ്ട് ട്രഷറിയിലായതിനാൽ തുക ലഭിക്കാൻ താമസം നേരിടുന്നുവെന്നും കരാറുകാരന്റെ ആവശ്യപ്രകാരം തല്ക്കാലം ടി തുക തനതുഫണ്ടിൽ നിന്ന് ലഭ്യമാക്കുന്നതിനും കോർപ്പസ് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തനതുഫണ്ടിൽ തിരിച്ചടക്കുന്നതാണെന്ന് അസിസ്റ്റൻറ് എഞ്ചിനീയർ കത്തുനല്കി. തുക തനതുഫണ്ടിൽ ലഭ്യമായ രേഖ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ10/26-11-2021 പ്രകാരമുള്ള അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ കോർപ്പസ് ഫണ്ടിനത്തിൽ ട്രഷറിയിൽ ലഭിച്ച തുകയാണ് എഞ്ചിനീയർക്ക് നല്കിയതെന്നാണ്.എന്നാൽ നോട്ട് ഫയലിൽ ഓഡിറ്റ് പരാമർശം പ്രകാരം ഫണ്ട് ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ തനതുഫണ്ടിൽ നിന്നും നല്കി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തനതുഫണ്ടിൽ തിരികെ നിക്ഷേപിക്കുമെന്നാണ്.കോർപ്പസ് ഫണ്ട് ലഭിച്ച് ക്രഡിറ്റ് ചെയ്തതിന്റെ വിവരവും,പിൻവലിച്ചതിന്റെ വിവരവും രേഖപ്പെടുത്തിയ പത്രിക പരിശോധനക്കായി അയച്ചുതരേണ്ടതാണ്.രേഖകൾ ലഭ്യമാകുന്നതു വരെ ചെലവഴിച്ച തുകയായ 751919രൂപ തടസ്സത്തിൽ വയ്ക്കുന്നു.

### 1-30 കേസിനായി തുക നല്കിയത്-സ്യൂട്ട് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് കാലികമാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ WP(c)33015/2016 ാം നമ്പർ കേസിനായി 15000/- രൂപ അഡ്വക്കേറ്റായ ശ്രീ.വിനോദ് സിങ്ങ് ചെറിയാന് നല്കി.എന്നാൽ കേസ് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ സ്യൂട്ട് രജിസ്റ്ററിൽ എഴുതിയിട്ടില്ല.അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ 10/26-11-2021 പ്രകാരമുള്ള അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയെന്ന് അറിയിച്ചിട്ടുണ്ട് .കേസിന്റെ വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

### 1-31 പ്രളയത്തിൽ പുഴയിൽ അടിഞ്ഞ മണൽ നീക്കം ചെയ്യുവാനുള്ള പഞ്ചായത്ത് തീരുമാനത്തിന്റെ ഫലപ്രാപ്തി അറിയിക്കേണ്ടതാണ്

16-3-2020 ലെ സാധാരണയോഗത്തിൽ 5ാം അജണ്ടയായി പ്രളയത്തിൽ പുഴയിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് മാനന്തവാടി തഹസീൽദാരുടെ കത്ത് പ്രകാരം ഭഗവതിക്കാവ്പാലം,ചീപ്പാട് പാലത്തിന് താഴെ,നിരവിൽപ്പുഴ പാലത്തിന് താഴെ,ഹവ്വബീച്ച് ,പൂക്കോട് കടവ്,പാലയണത്തോട്,മക്കിയാട് പുഴയിൽ ചെക്ക് ഡാം എന്നിവിടങ്ങളിലെ എക്കലും മണലും നീക്കാനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അസിസ്ററന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.30-5-2020 ലെ മീറ്റിങ്ങിലും 1ാം അജണ്ടയായി വച്ചു.അതിൽ 20-5-2020 തിയ്യതിയിൽ ടെണ്ടർ വിളിച്ചുവെങ്കിലും ചീപ്പാട് കടവിന്റെ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചതിനെ തുടർന്ന് 27-5-2020 ന് റീടെണ്ടർ ചെയ്തു.മൂന്ന് സ്ഥലങ്ങളിൽ സിങ്കിൾ ടെണ്ടർ മാത്രമാണ് ലഭിച്ചത്.ഇപ്രകാരം സിങ്കിൾ ടെണ്ടർ സ്വീകരിച്ച സെക്രട്ടറിയുടെ നടപടി യോഗം അംഗീകരിക്കുകയും സെക്രട്ടറിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.3ാം അജണ്ടയായി തൊണ്ടർനാട് ലേബർകോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നല്കിയ പാണ്ടിക്കൽ പാലത്തിന് സമീപം,ഭഗവതിപാലം,ചീപ്പാട് പാലത്തിന് സമീപം എന്നിവക്ക് എസ്റ്റിമേറ്റ് നിരക്കിലെ ടെണ്ടറുകൾ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.20-5-20 തിയ്യതിയിൽ ലഭിച്ച സിംഗിൾ ടെണ്ടർ അംഗീകരിക്കുവാൻ കഴിയാത്തതിൽ നിരദദ്രവ്യം തിരികെ നല്കാൻ തീരുമാനിച്ചു.12-6-2020 ാം അജണ്ടയിൽ മഴ പെയ്ത് പുഴയിൽ വെള്ളം കയറിയതിനാൽ നിരവിൽപുഴ പാലത്തിന് സമീപമുള്ള എക്കലും നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല എന്ന് സെക്രട്ടറി രേഖപ്പെടുത്തി.22-8-2020 ലെ യോഗത്തിലെ 3ാം നമ്പർ തീരുമാനത്തിൽ പ്രളയത്തിൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് ടെണ്ടർ വിളിച്ചതിൽ പ്രകാരം നീക്കം ചെയ്തതിൽ മണ്ണ് കലർന്ന മണലിന്റെ അംശം ഉള്ളതിനാൽ ആയത് ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.എന്നാൽ ഇത് സംബന്ധിച്ച അളവ്,വരവ് വിവരങ്ങൾ മിനിട്സിലില്ല.30-5-2020 ലെ മീറ്റിങ്ങിൽ ഈ പ്രവർത്തിയുടെ ചുമതല അസിസ്ററന്റ് എഞ്ചിനീയറിൽ നിന്ന് മാറ്റി സെക്രട്ടറിക്ക് നല്കിയതിന്റെ കാരണം വ്യക്തമല്ല.ആയത് വ്യക്തമാക്കേണ്ടതാണ്.കൂടാതെ എത്ര അളവ് മണൽ ലഭിച്ചുവെന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-32 ഐ.കെ.എം മിന് തുക നല്കിയത്- വിനിയോഗവിവരം ലഭിച്ചില്ല

പ്രോജക്ട് നമ്പർ-20/21-21

പ്രോജക്ട്-ഐ.കെ.എമ്മിന് വിഹിതം നല്കിയത്

അടങ്കൽ-125000/-

ചെലവ്-124265/-

ബിൽ നം.20/13.1.21=124265/-

ഓഡിറ്റ് വർഷം ഐ.കെ.എമ്മിന് മേൽ ബില്ല് പ്രകാരം തുക നല്കിയെങ്കിലും ഓഡിറ്റ് തിയ്യതി വരെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.വിനിയോഗവിവരം ലഭ്യമായെങ്കിൽ ഓഡിറ്റിന് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-33 സാനിട്ടറി നാപ്കിൻ ഡിസ്പ്പോയർ സ്ഥാപിക്കൽ-ചട്ടങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി

സ്കൂളുകളിൽ സാനിട്ടറി നാപ്കിനുകൾ നശിപ്പിച്ച് കളയുവാനുള്ള മെഷീൻ സ്ഥാപിക്കുന്നുള്ള പ്രോജക്ട് നിർവ്വഹിക്കുവാൻ ഹെഡ്മാസ്ററെ ചുമതലപ്പെടുത്തി. തയ്യാറാക്കിയ പ്രോജക്ടിന് ശ്രീമതി എം.അലീമ എ.ഇ.ഒ മാനന്തവാടി വെറ്റിങ്ങ് നല്കി. പദ്ധതി നടപ്പാക്കിയത് കേ.പ.രാജ് ചട്ടങ്ങൾക്കും,സബ്സിഡി മാർഗ്ഗരേഖക്കും എതിരാണ്.വിശദവിവരം ഖണ്ഡിക 3-1 ചേർത്തിട്ടുണ്ട്.

## 1-34 ജലനിധി തുക നല്കുന്നത്-ഫലപ്രാപ്തി വിലയിരുത്തുന്നില്ല

ഓഡിറ്റ് വർഷത്തിൽ ജലനിധിക്ക് താഴെപ്പറയും പ്രകാരം കാനറാ ബാങ്കിൽ (അക്കൗണ്ട് നമ്പർ 1042101022914) താഴെ പ്പറയും പ്രകാരമുള്ള തുക ചെലവും വന്നതായി കാണുന്നു.

| ചെക്ക് നമ്പർ/തിയ്യതി | തുക |
|---|---|
| 66077/8-7-20 | 189696 |
| 66074/8-7-20 | 28971 |
| 66072/8-7-20 | 107006 |
| 66071/8-7-20 | 159486 |
| 66076/8-7-20 | 31881 |
| 66075/9-7-20 | 127524 |
| 12320/9-7-20 | 256740 |
| ആകെ | 901304 |

എന്നാൽ പല പദ്ധതികൾക്കായി മേൽതുകകൾ നല്കിയതിന്റെ ഫലപ്രാപ്തി ഗ്രാമപഞ്ചായത്ത് വിലയിരുത്തിയിട്ടില്ല.11-5.2020ലെ സാധാരണയോഗത്തിൽ 3-ാം അജണ്ട തീരുമാനനമ്പർ 1 പ്രകാരം മാവള്ളി,അഡായി എന്നീ ജലനിധി പദ്ധതികളുടെ തുക നല്കുന്നത് സംബന്ധിച്ച കത്തുകളിൽ വ്യക്തത വരുത്തുന്നതിനായി ജലനിധി ഓഫീസിലെ പ്രതിനിധികളിലെ കൂടി അടുത്ത യോഗത്തിൽ പങ്കെടുക്കുന്നതിനും കത്തുകൾ ഭരണസമിതിയിൽ പരിഗണിക്കുന്നതിനും തീരുമാനിച്ചു.എന്നാൽ മിനിട്സുകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാൽ ആയതിന്റെ ഫലപ്രാപ്തി എന്തെന്ന് മനസ്സിലാക്കാൻ സാധിച്ചില്ല.കൂടാതെ ജലനിധിയുടെ സഹായസംഘടനയായി പ്രവർത്തിച്ചിരുന്ന വോയ്സ് സുൽത്താൻ ബത്തേരി എന്ന സ്ഥാപനവുമായി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്.ആയതിന്റെ വിശദവിവരങ്ങൾ സ്യൂട്ട് രജിസ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.പദ്ധതികളുടെ നിലവിലെ അവസ്ഥയും.കേസിന്റെ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 എസ്.എസ്.എ വിഹിതം നല്കിയത്.വിനിയോഗവിവരം ലഭ്യമായില്ല

പ്രോജക്ട് നമ്പർ-18/20-21

പ്രോജക്ട് - എസ്.എസ്.എ വിഹിതം ജനറൽ

അടങ്കൽ-1000000/-

ചെലവ്-1000000/-

ബിൽ നമ്പർ 9/20-8-2020 =1000000/-

പ്രോജക്ട് നമ്പർ-19/20-21

പ്രോജക്ട് - എസ്.എസ്.എ വിഹിതം പട്ടികവർഗ്ഗം

അടങ്കൽ-500000/-

ചെലവ്-500000/-

ബിൽ നമ്പർ 8/20-8-2020 =500000/-

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് എസ്.എസ്.എ ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി മേൽ പ്രോജക്ടുകളിലായി 1500000/- രൂപ എസ്.എസ്.എക്ക് നല്കിയെങ്കിലും വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ 11/26-11-2021 പ്രകാരമുള്ള അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-36 സാക്ഷരത തുല്യത- ഉപോൽബലക രേഖകളില്ല

പ്രോജക്ട് നമ്പർ-24/20-21

പ്രോജക്ട്-സാക്ഷരത തുല്യത (എസ്.ടി)

അടങ്കൽ-150000/-

ചെലവ്-84000/-

പട്ടികവർഗ്ഗക്കാരിൽ സാക്ഷരത വളർത്തുന്നതിന്റെ ഭാഗമായി വിഭാവനം ചെയ്ത പദ്ധതിയിൽ 700 പാഠാവലിയുടെ വിലയായിട്ടാണ് (700*120) മേൽ തുക ചെലവഴിച്ചത്.എന്നാൽ പാഠാവലി വാങ്ങി നല്കിയതിന്റെയും,പഠിതാക്കൾ അത് കൈപ്പറ്റിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.പ്രസ്തുത അപാകത സൂചിപ്പിച്ച് നല്കിയ 11/26-11-2021 പ്രകാരമുള്ള അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

# ഭാഗം -2

## 2-1 ഹോം സ്റ്റേ ആയി പ്രവർത്തനാനുമതി നൽകിയ സ്ഥാപനത്തിന്റെ നികുതി പരിഷ്കരിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം

ജോജി ജേക്കബ് പ്ളാക്കാട്ട്, മട്ടിലയം പി.ഓ,വളാംതോട് എന്നവർക്ക് 2020-21 സാമ്പത്തിക വർഷം 14/236 ഇ എഫ് എന്നീ കെട്ടിടങ്ങളിൽ ആദംസ് മൗണ്ട് പ്ലാന്റേഷൻ ഹോം സ്റ്റേ എന്ന സ്ഥാപനം നടത്തുന്നതിനായി ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 300ാം നമ്പർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ ഉപയോഗക്രമം സ്വകാര്യ ഹോസ്റ്റൽ,ഹോംസ്റ്റ എന്നതിന് പകരം അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ എന്ന രീതിയിലാണ് നൽകിയിട്ടുള്ളത്. തൊണ്ടർനാട് ഗ്രാമപഞ്ചായത്തില് സ്വകാര്യ ഹോസ്റ്റൽ,ഹോംസ്റ്റ എന്നീ ഉപയോഗക്രമങ്ങൾക്ക് 60 രൂപ/ച.മീ നികുതിയും അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ എന്നീ ഉപയോഗക്രമങ്ങൾക്ക് 30 രൂപ/ച.മീ നികുതിയും ആണ് ഈടാക്കിവരുന്നത് ഉപയോഗക്രമം മാറ്റാതെ നികുതി ഈടാക്കിയതിനാൽ 2020-21 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രകാരം പഞ്ചായത്തിന് ധന നഷ്ടമുണ്ടായിട്ടുണ്ട്.

| ക്ര.നം | കെട്ടിട നമ്പർ | ഉപയോഗക്രമം മാറ്റാതെ ഈടാക്കി വരുന്ന നികുതി | ഉപയോഗക്രമം മാറ്റി ഈടാക്കേണ്ടിയിരുന്ന നികുതി | നികുതിയിനത്തിലെ നഷ്ടം |
|---|---|---|---|---|
| 1 | 14/236 ഇ | 1021 | 2041 | 1020 |
| 2 | 14/236 എഫ് | 1097 | 2193 | 1096 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 27/11/2021ാം തീയ്യതി നൽകിയ 17/2020-21 നമ്പർ എൻക്വയറിയ്ക്ക് മറുപടിയായി മേൽ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ച് 2019-20 വർഷം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ കുടിശ്ശികയായി അടവാക്കിയ തുക എത്രയാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാലും. കുടിശ്ശിക തുക അടവാക്കിയ രസീതിന്റെയും ഡേ ബുക്കിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കാത്തതിനാലും നിരാകരണം തുടരുന്നു.

# ഭാഗം -3

## 3-1 സാനിട്ടറി നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ-ചട്ടങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി

പ്രോജക്ട് നമ്പർ-319/20-21

പ്രോജക്ട്-സാനിട്ടറി നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

അടങ്കൽ-220000

ചെലവ്-210000 ധനകാര്യ കമ്മീഷൻ അവാർഡ്-70000/-(ബിൽ നമ്പർ 14/27-3-2021)

കേന്ദ്രാവിഷ്കൃത ഫണ്ട്-140000/-(ചെക്ക് നമ്പർ 832625/27-3-21)

മേൽ പ്രോജക്ട് 2020-2021 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി.പഞ്ചായത്തിലെ 9-7-2020 ലെ തീരുമാനം(അജണ്ട 1) 1(3),ക്രമനമ്പർ (1)പ്രകാരം 220000/-രൂപ പ്രൊജക്ടിന് വകയിരുത്തി .പ്രോജക്ടിന്റെ വെറ്റിങ് ഓഫീസറായി എ.ഇ.ഒ മാനന്തവാടിയെ ചുമതലപ്പെടുത്തി.

1994 ലെ കേ.പ.രാജ് ആക്ടിലെ 166(1)ൽ നിഷ്കർഷിക്കുന്നത് മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ നിറവേറ്റേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കർത്തവ്യമായിരിക്കുന്നതും മൂന്നാം പട്ടികയിൽ X(1) വിദ്യാഭ്യാസ മേഖലയിൽ ഗ്രാമപഞ്ചായത്തിന് നടപ്പാക്കാനാവുക സർക്കാർ പ്രീപ്രൈമറി സ്കൂളുകളുടെയും ,പ്രൈമറിസ്കൂളുകളുടെയും നടത്തിപ്പുമാണ്.ഇതിന് വിരുദ്ധമായാണ് വാഞ്ഞോട് എ.യു.പി സ്കൂൾ,കുഞ്ഞോം എ.യു.പി സ്കൂൾ,കുഞ്ഞോം ഗവ.ഹയർസെക്കന്ററി സ്കൂൾ,മാർത്തോമാ ഡയനോഷ്യസ് ഹയർസെക്കണ്ടറി സ്കൂൾ,തേറ്റമല ഗവ.ഹയർസെക്കണ്ടറി സ്കൂളുകൾക്ക് റെയ്ഡ്കോവിൽ നിന്ന് വാങ്ങിയ 7 മെഷീനുകൾ നല്കിയത്. (ഇൻവോയ്സ് നമ്പർ MND/1218/2020-2021).

2006ലെ കേ.പ.രാജ് തെരഞ്ഞെടുക്കപ്പെട്ട അധികാരികളും,ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും,പെരുമാറ്റവും) ചട്ടങ്ങളിലെ ചട്ടം 3(2) ചട്ടത്തിൽ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും ,കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലും,തെരഞ്ഞെടുക്കപ്പെട്ട അധികാരിയും.ഉദ്യോഗസ്ഥനും അവരവരുടെ നിയമാനുസൃതമായ അധികാരം ലംഘിക്കാൻ പാടില്ലാത്തതാകുന്നു.കൂടാതെ ചട്ടം 7(1) പ്രകാരം തെറ്റായ തീരുമാനമെടുക്കുന്ന വിഷയങ്ങളിൽ ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് തീരുമാനമെടുത്ത ഓരോ ഭരണസമിതി അംഗത്തിനും,നിർവ്വഹണ ഉദ്യോഗസ്ഥനും, തുല്യമായ കൂട്ടുത്തരവാദം ഉണ്ടായിരിക്കുന്നതാണെന്ന് നിഷ്കർഷിക്കുന്നു.

ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത ഈ പ്രോജക്ടിന് ഭരണാനുമതി നല്കിയ ഭരണസമിതി അംഗങ്ങൾ,നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ,വെറ്റിങ് ഓഫീസർ എന്നിവരിൽ നിന്ന് 210000/- രൂപ തുല്ല്യമായി ഈടാക്കേണ്ടതാണ്.

## 3-2 പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിലെ അപാകതകൾ മൂലം പഞ്ചായത്തിന് 28455 രൂപ അധിക ചെലവ്.

പ്രൊജക്ട് :34/2020-21

അടങ്കൽ: 625000

ചെലവ്:567026

ബില്ല് നമ്പർ 42/20-21 / 30/03/2021 = 46970/-

35/20-21 / 08/03/2021 = 41015/-

32/20-21 / 12/02/2021 = 109822/-

19/20-21 / 08/01/2021 = 129376/-

17/20-21 / 08/01/2021 = 35953/-

13/20-21 / 11/09/2020= 43308/-

10/20-21 / 12/08/2020 = 36170/-

04/20-21 / 10/07/2020 = 38400/-

02/20-21 / 03/06/2020 = 35055/-

01/20-21 / 04/05/2020 = 35100/-

കിടപ്പു രോഗികൾ,ജീവിതശൈലി രോഗങ്ങൾ മൂലം പ്രശ്നങ്ങൾ അനുഭവിക്കുന്നവർ മുതലായവരേ പരിചരിക്കുന്നതിനായി പഞ്ചായത്തുകളിൽ പരിശീലനം ലഭിച്ച ഒരു കമ്മ്യൂണിറ്റി നേഴ്സിന്റെ നേതൃത്വത്തിൽ ഒരു ഹോം കെയർ ടീം രൂപീകരിച്ച് ഗൃഹകേന്ദ്രീകൃത പരിചരണം നടത്തേണ്ടതുണ്ട്. മേൽ പ്രവർത്തനങ്ങൾ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 07/03/2019 തീയ്യതിയിലെ സ.ഉ.(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരമുള്ള പരിഷ്കരിച്ച മാർഗരേഖ നിഷ്കർഷിച്ചിട്ടുള്ള രീതിയിലാണ് നിർവ്വഹിക്കേണ്ടത്.

മേൽ മാർഗരേഖയിലെ ഖണ്ഡിക 2.6.3 പ്രകാരം അതാത് ദിവസം ഗൃഹ സന്ദർശന വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഹോം കെയർ റിപ്പോർട്ട് ബുക്ക് സൂക്ഷിക്കേണ്ടതും ഖണ്ഡിക 2.6.4 പ്രകാരം മേൽ ബുക്കിലെ വിവരങ്ങളുടെ റിപ്പോർട്ട് ആഴ്ചയിൽ ഒരു പ്രാവശ്യം മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും, ഖണ്ഡിക 2.6.5 പ്രകാരം ഹോം കെയർ ദിനങ്ങളിൽ ഹോംകെയർ ടീമിന് പരമാവധി ആറുപേർക്ക് ആവശ്യമായി വരുന്ന ഭക്ഷണ ചെലവ് ഹോം കെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ദിവസം പരമാവധി 80 രൂപ എന്ന നിരക്കിൽ പ്രൊജക്റ്റിൽ വിലയിരുത്താവുന്നതും പി.എം.സിയുടെ തീരുമാനപ്രകാരം ചെലവഴിക്കുന്നതുമാണ്. എന്തിരുന്നാലും സമൂഹം വലിയതോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഹോംകെയർ ടീമിന്റെ ഭക്ഷണ ചെലവ് സൗജന്യമായി കുറഞ്ഞനിരക്കിൽ ലഭിക്കാനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതുമുണ്ട്

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ ഗൃഹ സന്ദർശനത്തിന്റെ ഭാഗമായുള്ള ഹോം കെയർ റിപ്പോർട്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

A) ഖണ്ഡിക2.6.4 നിഷ്കർഷിച്ച പ്രകാരം മെഡിക്കൽ ഓഫീസർ ഹോം കെയർ രജിസ്റ്റർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല

B) ഹോം കെയർ രജിസ്റ്റർ ചില ദിവസങ്ങളിൽ അപൂർണമാണ്. ഉദാ: 24/06/2020,10/08/2020,11/08/2020

C)ഹോം കെയർ രജിസ്റ്റർ പ്രകാരമുള്ള പ്രവർത്തി ദിനങ്ങളും പ്രൊജക്ടിനൊപ്പം സമർപ്പിച്ച വൗച്ചറുകൾ പ്രകാരമുള്ള പ്രവർത്തി ദിനങ്ങളും ചില മാസങ്ങളിൽ വ്യത്യസ്തമാണ് ഉദാ. 2021 ഫെബ്രുവരി,മാർച്ച് മാസങ്ങൾ (ഹോം കെയർ രജിസ്റ്റർ പ്രകാരം 31 പ്രവർത്തി ദിനങ്ങൾ പ്രൊജക്ടിനൊപ്പം സമർപ്പിച്ച വൗച്ചറുകൾ പ്രകാരം 32 പ്രവർത്തിദിനങ്ങൾ),2020 ഓഗസ്റ്റ് മാസം (ഹോം കെയർ രജിസ്റ്റർ പ്രകാരം 15 പ്രവർത്തി ദിനങ്ങൾ പ്രൊജക്ടിനൊപ്പം സമർപ്പിച്ച വൗച്ചറുകൾ പ്രകാരം 16 പ്രവർത്തിദിനങ്ങൾ), 2020 ജൂൺ മാസം (ഹോം കെയർ രജിസ്റ്റർ പ്രകാരം 9 പ്രവർത്തി ദിനങ്ങൾ പ്രൊജക്ടിനൊപ്പം സമർപ്പിച്ച വൗച്ചറുകൾ പ്രകാരം 14 പ്രവർത്തിദിനങ്ങൾ)

D)ഹോം കെയർ ടീം അംഗങ്ങൾക്ക് ഭക്ഷണ ചിലവിനത്തിൽ പണം ചിലവഴിച്ചിട്ടുള്ളത് സ.ഉ.(സാധാ) നം.553/2019 /ത.സ്വ.ഭ.വ പ്രകാരമുള്ള പരിഷ്കരിച്ച മാർഗരേഖ ഖണ്ഡിക 2.6.5 നിഷ്കർഷിച്ച പ്രകാരമല്ല ഹോം കെയർ ടീം അംഗങ്ങളുടെ എണ്ണം പരിഗണിക്കാതെ ജൂൺ മാസം 4145 രൂപയും ബാക്കിയുള്ള മാസങ്ങളിൽ പ്രതിദിനം 400 രൂപ വീതവും ചിലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ ചിലവിന്റെ ബില്ലുകളും ഫയലിനൊപ്പം സമർപ്പിച്ചിട്ടില്ല. പണം മെഡിക്കൽ ഓഫീസറിൽ നിന്ന് സ്വീകരിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയ വിവിധ ഹോട്ടലുടമകളുടെ പേരിലുള്ള കൈപ്പറ്റ് രസീതുകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്

E) ഹോം കെയർ രജിസ്റ്റർ പ്രകാരമുള്ള പ്രവർത്തി ദിനങ്ങൾക്കനുസരിച്ചല്ലാതെ വാഹനത്തിലെ ഡ്രൈവർക്ക് ദിവസ വേതനം നൽകിയിട്ടുണ്ട്. ആയതിന്റെ വിവരം താഴെ നൽകുന്ന

| സി.നം | മാസം | ഹോം കെയർ രജിസ്റ്റർ പ്രകാരമുള്ള പ്രവർത്തി ദിനങ്ങൾ പ്രകാരം ഗൃഹ സന്ദർശനത്തിന് മാത്രമായി ഡ്രൈവറുടെ ശമ്പള ഇനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന തുക | ഫയലിൽ സൂക്ഷിച്ച വൗച്ചറുകൾ പ്രകാരമുള്ള പ്രവർത്തിദിനങ്ങൾ പ്രകാരം ഗൃഹ സന്ദർശനത്തിന് മാത്രമായി ഡ്രൈവറുടെ ശമ്പള ഇനത്തിൽ ചിലവഴിച്ച തുക | ഡ്രൈവറുടെ ശമ്പള ഇനത്തിൽ പഞ്ചായത്തിന് സംഭവിച്ച നഷ്ടം |
|---|---|---|---|---|
| 1 | 2020 ജൂൺ | 9x650=5850 | 14x650=9100 | 3250 |
| 2 | 2020 ഓഗസ്റ്റ് | 15x650=9750 | 16x650=10400 | 650 |
| 2 | 2021 ഫെബ്രുവരി | 15x650=9750 | 16x650=10400 | 650 |
| | ആകെ നഷ്ടം | 25350 | 29900 | 4550 |

F)ഹോം കെയർ രജിസ്റ്റർ പ്രകാരമുള്ള പ്രവർത്തി ദിനങ്ങൾക്കനുസരിച്ചല്ലാതെ ബില്ലുകൾ തയ്യാറാക്കി ഹോം കെയർ അംഗങ്ങളുടെ എണ്ണം പരിഗണിക്കാതെ ഭക്ഷണത്തിനായി പണം ചിലവഴിച്ചതിനാൽ 2019-20 സാമ്പത്തിക വർഷംതാഴെ പറയുന്ന പ്രകാരം പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്

| സി.നം. | മാസം | അധിക ചെലവ് |
|---|---|---|
| 1 | 2020 ഏപ്രിൽ | 2160 |
| 2 | 2020 മെയ് | 560 |
| 3 | 2020 ജൂൺ | 1825 |
| 4 | 2020 ജൂലൈ | 2000 |
| 5 | 2020 ആഗസ്റ്റ് | 2640 |
| 6 | 2020 സെപ്റ്റംബർ | 2160 |
| 7 | 2020 ഒക്ടോബർ മുതൽ 2020 ഡിസംബർ | 6080 |
| 8 | 2021 ജനവരി | 1920 |
| 9 | 2021 ഫെബ്രുവരി,മാർച്ച് | 4560 |
| | ആകെ നഷ്ടം | 23905 |

ഖണ്ഡിക ഇ,എഫ് എന്നിവ പ്രകാരം പഞ്ചായത്തിന് ആകെ 28455 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.മേൽ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി , ധനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റി എന്നവരേ ചുമതലപ്പെടുത്തുന്നു.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 22.11.2021 – 23.11.2021 | ഇതേ ഓഡിറ്റ് റിപ്പോർട്ട് നം/തിയ്യതി |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 2020-21 | 59,755 | നെൽകൃഷി വികസനം | 59,755 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | | 4,99,200 | സുഭിക്ഷം- വനിതകൾക്ക് കോഴിക്കുഞ്ഞ് വിതരണം | 4,99,200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 4,80,000 | ലൈഫ് ഭവനം-ടി.എസ്.പി | 4,80,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2,74,600 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 2,74,600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 99,998 | പുനർജ്ജനി- വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ | 99,998 | 0 |
| | | 24,65,000 | ലൈഫ് ഭവന പദ്ധതി- ജനറൽ | 24,65,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 99,989 | നെൽകൃഷി വികസനം | 99,989 | 0 |
| | | 2,30,484 | ക്ഷീരകർഷകർക്ക് ഉൽപ്പാദന ബോണസ് | 2,30,484 | 0 |
| | | 4,00,000 | ലൈഫ് ഭവന പദ്ധതി- ജനറൽ | 4,00,000 | 0 |
| | | 1,40,680 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 1,40,680 | 0 |
| | | 4,50,000 | ലൈഫ് ഭവന പദ്ധതി-ടി.എസ്.പി | 4,50,000 | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ

നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 42,76,000 രൂപ വരവുണ്ട്. മുൻബാക്കിയടക്കം രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കാരുണ്യ ഭവന പദ്ധതി ലോൺ | സ.ഉ(എം.എസ്).83/13 /ത.സ്വ.ഭ.വ തിയ്യതി 11.03.2013 | | 74,30,000 | 12,00,000 | | 62,30,000 |
| KURDFC ലോൺ | - | | 4,40,12,331 | 30,76,000 | | 4,09,36,331 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 31,17,836 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| തൻവർഷം ലഭിച്ച പലിശ തുക | 2,15,949 |
| ആകെ | 33,33,785 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 33,33,785 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | FD/001001005490/1 | 28.06.2019 | 31.03.2022 | 5,09,349 | |
| 2 | FD/001001005489/1 | 29.03.2020 | 31.03.2022 | 5,42,616 | |
| 3 | FD/001001005491/1 | 28.06.2019 | 31.03.2022 | 5,09,349 | |
| 4 | 130251807520001 | - | - | 6,60,572 | |
| 5 | 130251807520004 | - | - | 5,84,025 | |
| 6 | 130251807520005 | | | 3,42,342 | |
| ആകെ | | | | 31,48,253 | |

തൻവർഷം ലഭിച്ച പലിശ 2,15,949 രൂപയിൽ മുഴുവൻ തുകയും സ്ഥിര നിക്ഷേപമായി പുതുക്കിയിട്ടില്ല. വ്യത്യാസമുള്ള തുക എസ്.ബി. ആക്കൗണ്ടിലേക്ക് മുതൽക്കൂട്ടിയെന്നാണ് അറിയിച്ചിട്ടുള്ളത്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 29(1), (2),(3),(4) | 1999 | 47 | മുൻകൂർ പണം നൽകിയ പദ്ധതികൾ നടപ്പാക്കിയില്ല. | |
| 2000-01 | 3-1 | 2006-07 | 3.94.1 | നിരവിൽപ്പുഴ – മുണ്ടങ്ങോത്ത് റോഡ് ടാറിംഗ് പ്രവർത്തിക്ക് കൂടുതൽ തുക നൽകി | -- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,92,69,104 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,92,94,070 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2,116 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,38,455 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 46,59,546 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <*പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,116 | | ശ്രീ. ബോബൻ ചാക്കോ സെക്രട്ടറി |
| 3-1 | | 12,353 | ശ്രീ. മുരളീധരൻ. എൻ, ഹെഡ് മാസ്റ്റർ |
| 3-1 | | 12,353 | ശ്രീ. അലീമ.എംഅസി.വിദ്യാഭ്യാസ ഓഫീസർ (വെറ്റിംഗ് ഓഫീസർ) |
| 3-1 | | 12,353 | ശ്രീ. പി.എ.കുര്യാക്കോസ്, പ്രസിഡണ്ട് |
| 3-1 | | 12,353 | ശ്രീമതി. സലോമി ഫ്രാൻസിസ്, വൈസ് പ്രസിഡണ്ട് |
| 3-1 | | 12,353 | ശ്രീമതി. ഉഷാ അനിൽകുമാർ, മെമ്പർ |
| 3-1 | | 12,353 | ശ്രീ. വി.സി.സലീം വാഴയിൽ, മെമ്പർ |
| 3-1 | | 12,353 | ശ്രീ. ആർ. രവീന്ദ്രൻ, മെമ്പർ |
| 3-1 | | 12,353 | ശ്രീമതി. സിന്ധു ഹരികുമാർ, മെമ്പർ |
| 3-1 | | 12,353 | ശ്രീ. പി.കേശവൻ, മെമ്പർ |
| 3-1 | | 12,353 | ശ്രീമതി. ശ്രീജ രാജേഷ്, മെമ്പർ |
| 3-1 | | 12,353 | ശ്രീമതി. ആൻസി ജോയി, മെമ്പർ |
| 3-1 | | 12,353 | ശ്രീ. അനീഷ്. പി, മെമ്പർ |
| 3-1 | | 12,353 | ശ്രീ. എം. മുസ്തഫ, മെമ്പർ |
| 3-1 | | 12,353 | ശ്രീമതി. വി.എം.ത്രേസ്യ, മെമ്പർ |
| 3-1 | | 12,353 | ശ്രീമതി. സുനിത ദിലീപ്, മെമ്പർ |
| 3-1 | | 12,353 | ശ്രീ. അസ്ഹർ അലി, മെമ്പർ |
| 3-1 | | 12,353 | ശ്രീമതി. മൈമുന.കെ.എ, മെമ്പർ |
| 3-2 | | 28,455 | ഡോ. ഷെഹസാദ്. കെ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |

| | | | |
|---|---|---|---|
| ആകെ | 2,116 | 2,38,455 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 3,96,055 | ഡോ. ശാന്തിനി.ടി, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 1-20 | 7,000 | ഡോ. ഷെഹസാദ്. കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-21 | 6,86,000 | ഡോ. ഷെഹസാദ്. കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-25 | 23,700 | ഡോ. ടി.ജി.ശിവദാസൻ, വെറ്ററിനറി സർജൻ |
| 1-26 | 8,42,772 | ഡോ. ടി.ജി.ശിവദാസൻ, വെറ്ററിനറി സർജൻ |
| 1-27 | 3,15,600 | ഡോ. ടി.ജി.ശിവദാസൻ, വെറ്ററിനറി സർജൻ |
| 1-28 | 52,500 | ശ്രീ. ബോബൻ ചാക്കോ, സെക്രട്ടറി |
| 1-29 | 7,51,919 | ശ്രീ. ബോബൻ ചാക്കോ, സെക്രട്ടറി |
| 1-35 | 15,00,000 | ശ്രീ. ബോബൻ ചാക്കോ, സെക്രട്ടറി |
| 1-36 | 84,000 | ശ്രീ. ബോബൻ ചാക്കോ, സെക്രട്ടറി |
| ആകെ | 46,59,546 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബോബൻ ചാക്കോ, സെക്രട്ടറി | സെക്രട്ടറി<br>തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | വട്ടപ്പറമ്പിൽ<br>തൊണ്ടർനാട് ഹൗസ്<br>വെള്ളമുണ്ട പി.ഒ<br>പിൻ-670731 |
| ശ്രീ. മുരളീധരൻ. എൻ, ഹെഡ് മാസ്റ്റർ | ശ്രീ. മുരളീധരൻ. എൻ, ഹെഡ് മാസ്റ്റർ,<br>ജി.എൽ.പി.എസ്, കോറോം | കുവ്വക്കുണ്ട് വീട്<br>തൊണ്ടർനാട്. പി.ഒ<br>പിൻ-670731 |
| ശ്രീമതി. അലീമ. എം, അസി.വിദ്യാഭ്യാസ ഓഫീസർ, ( വെറ്റിംഗ് ഓഫീസർ) | അസി.വിദ്യാഭ്യാസ ഓഫീസർ, മാനന്തവാടി | ഉപ്പി ഹൗസ്<br>കമ്പളക്കാട് പി.ഒ<br>പിൻ-673122 |
| ഡോ. ഷെഹസാദ്. കെ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി,<br>കോറോം | അൽ സെയ്ദ് മഹൽ<br>വെള്ളമുണ്ട, കട്ടയാട് പി.ഒ |
| ശ്രീ. പി.എ.കുര്യാക്കോസ്, പ്രസിഡണ്ട് | പ്രസിഡണ്ട്, തൊണ്ടർനാട്<br>ഗ്രാമപഞ്ചായത്ത് | പുളിക്കകുന്നേൽ<br>മക്കിയാട് പി.ഒ<br>പിൻ- 670731 |
| ശ്രീമതി. സലോമി ഫ്രാൻസിസ്, വൈസ് പ്രസിഡണ്ട് | വൈസ് പ്രസിഡണ്ട്, തൊണ്ടർനാട്<br>ഗ്രാമപഞ്ചായത്ത് | നെടുംപുറത്ത് വീട്<br>വഞ്ഞോട് പി.ഒ<br>പിൻ-670731 |
| ശ്രീമതി. ഉഷാ അനിൽകുമാർ, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | പുത്തൻമുറ്റം വീട്<br>വഞ്ഞോട് പി.ഒ<br>പിൻ- 670731 |
| ശ്രീ. വി.സി.സലീം വാഴയിൽ, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | വാഴയിൽ<br>തൊണ്ടർനാട്. പി.ഒ |

| | | |
|---|---|---|
| | | പിൻ- 670731 |
| ശ്രീ. ആർ. രവീന്ദ്രൻ, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | കളരിക്കൽ<br>തേറ്റമല പി.ഒ<br>പിൻ- 670731 |
| ശ്രീമതി. സിന്ധു ഹരികുമാർ, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | കൊച്ചുതോപ്പിൽ<br>മട്ടിലയം പി.ഒ<br>പിൻ- 670731 |
| ശ്രീ. പി.കേശവൻ, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | പാലിയോട്ടിൽ<br>മട്ടിലയം പി.ഒ<br>പിൻ- 670731 |
| ശ്രീമതി. ശ്രീജ രാജേഷ്, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | ആലക്കൽ<br>പുതുശ്ശേരി. പി.ഒ<br>പിൻ- 670645 |
| ശ്രീമതി. ആൻസി ജോയി, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | മുട്ടത്തിൽ<br>തേറ്റമല പി.ഒ<br>പിൻ- 670731 |
| ശ്രീ. അനീഷ്. പി, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | ഞാറലോട് ആലക്കണ്ടി,<br>വഞ്ഞോട് പി.ഒ<br>പിൻ- 670731 |
| ശ്രീ. എം. മുസ്തഫ, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | മോന്തോൾ<br>കുഞ്ഞോം പി.ഒ<br>പിൻ- 670731 |
| ശ്രീമതി. വി.എം.ത്രേസ്യ, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | മരംകണ്ടത്തിൽ വീട്<br>കുഞ്ഞോം പി.ഒ<br>പിൻ- 670731 |
| ശ്രീമതി. സുനിത ദിലീപ്, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | വട്ടവിള വീട്<br>കുഞ്ഞോം പി.ഒ<br>പിൻ- 670731 |
| ശ്രീ. അസ്ഹർ അലി, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | പൂവ്വൻ<br>വെള്ളിലാടി പി.ഒ<br>പിൻ- 670731 |
| ശ്രീമതി. മൈമൂന.കെ.എ, മെമ്പർ | മെമ്പർ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | കടയങ്കൽ<br>തൊണ്ടർനാടി പി.ഒ<br>പിൻ- 670731 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1993-94, 1994-95 | എൽ.എഫ്.(ഡബ്ല്യു)പി1-530/98/8/12/1998 |
| 1995-96 | എൽ.എഫ്.(ഡബ്ല്യു)പി1-539/98/6/12/1999 |
| 1996-97 | എൽ.എഫ്.(ഡബ്ല്യു)പി1-330/98/22.6.2019 |
| 1997-98 | എൽ.എഫ്.(ഡബ്ല്യു).പി1-106/99/22.06.2019 |
| 1998-99 | എൽ.എഫ്.(ഡബ്ല്യു).പി4-56/02/22.06.2019 |
| 1999-00 | എൽ.എഫ്.(ഡബ്ല്യു).പി4-200/03/22.06.2019 |
| 2000-01 (പ്ലാൻ) | എൽ.എഫ്.(ഡബ്ല്യു).പി2-98/04/22.06.2019 |
| 2000-01 | എൽ.എഫ്.(ഡബ്ല്യു).പി3/568/05/04.08.06 |
| 2001-02 | എൽ.എഫ്.(ഡബ്ല്യു)പി2-99/2004/27.07.2019 |
| 2002-03 | എൽ.എഫ്.(ഡബ്ല്യു).പി3-481/2008/22.06.2019 |

| | |
|---|---|
| 2003-04 | എൽ.എഫ്.(ഡബ്ല്യു).പി3-483/2008/22.06.2019 |
| 2004-05 | എൽ.എഫ്.(ഡബ്ല്യു).പി3/484/08/27.07.2019 |
| 2005-06 | എൽ.എഫ്.(ഡബ്ല്യു).പി3/415/09/22.06.2019 |
| 2006-07 | എൽ.എഫ്.(ഡബ്ല്യു).പി3/418/09/22.06.2019 |
| 2007-08 | എൽ.എഫ്.(ഡബ്ല്യു).പി2/977/14/10.06.2019 |
| 2008-09 | എൽ.എഫ്.(ഡബ്ല്യു).പി3/981/10/03.08.19 |
| 2009-10 | എൽ.എഫ്.(ഡബ്ല്യു).പി3/352/12/3.08.2019 |
| 2010-11 | എൽ.എഫ്.(ഡബ്ല്യു).പി2/191/13/03.08.2019 |
| 2011-12, 2012-13 | എൽ.എഫ്.(ഡബ്ല്യു).പി3/978/14/18.05.15 |
| 2013-14 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി2-497/15/17.10.2016 |
| 2014-15 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി2.425/16 /03.01.2018 |
| 2015-16 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി2.852/16 /13.03.2018 |
| 2016-17 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി2.540/17 /02.06.2018 |
| 2017-18 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി2-39/19/02.08.2019 |
| 2018-19 | നം.കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി2-182/20 /23.03.2020 |
| 2019-20 | നം.കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി4-1025/21 /24.12.2021 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്